SYRO-MALABAR VISION
AN OFFICIAL NEWSLETTER OF SYRO-MALABAR CHURCH

# സീറോമലബാർ വിഷൻ

ജൂൺ 2023 | പുസ്തകം 02 | ലക്കം 05 | സീറോമലബാർ സിനഡിന്റെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്ന വാർത്താപത്രം

## സീറോമലബാർ മെത്രാൻ സിനഡിന്റെ അടിയന്തര സമ്മേളനം ജൂൺ 12 മുതൽ



കാക്കനാട്: സീറോമലബാർസഭയിലെ മെത്രാന്മാരുടെ സിനഡിന്റെ ഒരു അടിയന്തര സമ്മേളനം 2023 ജൂൺ 12 മുതൽ 16 വരെ സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടക്കുന്നതാണ്. സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി സിനഡു വിളിച്ചു ചേർത്തുകൊണ്ടുള്ള ഔദ്യോഗിക ഡിക്രി സിനഡ് അംഗങ്ങളായ മെത്രാന്മാർക്ക് നൽകിയിട്ടുണ്ട്. സീറോ മലബാർസഭയുടെ പെർമനന്റ് സിനഡ് അംഗങ്ങൾ വത്തിക്കാനിൽ നടത്തിയ ചർച്ചയുടെ തുടർച്ചയായി, പരിശുദ്ധ സിംഹാസനത്തിന്റെ നിർദ്ദേശപ്രകാരമാണ് ഇത്തരമൊരു അടിയന്തര സിനഡ് സമ്മേളനം വിളിച്ചു ചേർത്തിരിക്കുന്നത്. എറണാകുളം-അങ്കമാലി അതിരൂപതയിൽ ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടു നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തലാകും ഈ സമ്മേളനത്തിന്റെ മുഖ്യലക്ഷ്യം. സഭാംഗങ്ങളെല്ലാവരും സിനഡിന്റെ വിജയത്തിനായി പ്രാർത്ഥിക്കണമെന്ന് മേജർ ആർച്ചുബിഷപ്പ് അഭ്യർത്ഥിച്ചു.

## 2025 വിശുദ്ധ വർഷം ലോഗോ പുറത്തിറക്കി

വത്തിക്കാൻ സിറ്റി: ആഗോള കത്തോലിക്കാസഭ 2025 വിശുദ്ധ വർഷമായി ആചരിക്കുന്നതിനുള്ള ഒരുക്കങ്ങളുടെ ഭാഗമായി ലോഗോ പുറത്തിറക്കി. ''പ്രത്യാശയുടെ തീർഥാടകർ'' എന്നതാണ് 2025 ജൂബിലിയുടെ ചിന്താവിഷയം. വിശുദ്ധ വർഷാചരണത്തിൻറെ ഒരുക്കങ്ങൾ വേഗത്തിൽ പുരോഗമിക്കുകയാണെന്ന് പരിപാടികളുടെ ഏകോപനചുമതലയുള്ള കാര്യാലയത്തിലെ പ്രോപ്രിഫെക്ട് ആർച്ച്ബിഷപ് റിനോ ഫിസിഷെല്ല അറിയിച്ചു. സെപ്റ്റംബറിൽ വത്തിക്കാനിൽ നടക്കുന്ന എൽ ഗ്രേക്കോ രചിച്ച മൂന്നു വിശ്വപ്രസിദ്ധ ചിത്രങ്ങളുടെ പ്രദർശനത്തോടെ വിശുദ്ധ വർഷാചരണത്തിൻറെ പ്രാരംഭ നടപടികൾക്കു തുടക്കമാകും. ഈ വർഷം സെപ്റ്റംബർ മുതൽ തീർഥാടകർക്ക് ജൂബിലി പരിപാടികൾക്കും വിശുദ്ധ വാരത്തിലേക്കുള്ള തീർഥാടനത്തിനും രജിസ്റ്റർ ചെയ്യാമെന്നും ആർച്ച്ബിഷപ് ഫിസിഷെല്ല അറിയിച്ചു.

## മെൽബൺ രൂപത ദ്വിതീയ മെത്രാനായി മാർ ജോൺ പനംതോട്ടത്തിൽ അഭിഷിക്തനായി





മെൽബൺ: മെൽബൺ സീറോമലബാർ രൂപതയുടെ രണ്ടാമത്തെ മെത്രാനായി മാർ ജോൺ പനംതോട്ടത്തിൽ അഭിഷിക്തനായി. 2023 മേയ് 31 വൈകീട്ട് 4.45ന് മെൽബണിലെ ക്യാമ്പെൽ ഫീൽഡിലുള്ള വിളവുകളുടെ നാഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെ നാമധേയത്തിലുള്ള കൽദായ കത്തോലിക്കാ ദേവാലയത്തിലാണ് മെത്രാഭിഷേക ചടങ്ങുകൾ നടന്നത്. മെൽബൺ രൂപത മെത്രാൻ ബിഷപ്പ് ബോസ്കോ പുത്തൂർ സ്വാഗതം ആശംസിച്ചു. മാർ ജോൺ പനംതോട്ടത്തിലിനെ മെൽബൺ രൂപതയുടെ മെത്രാനായി നിയമിച്ചു കൊണ്ടുള്ള പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ ഉത്തരവ് ഓസ്ട്രേലിയായിലെ അപ്പസ്തോലിക് നൂൺഷ്യോ ആർച്ച്ബിഷപ്പ് ചാൾസ് ബാൽവോ വായിച്ചു. തുടർന്ന് വിശ്വാസികളെ അഭിസംബോധന ചെയ്ത് സംസാരിച്ച മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ ആലഞ്ചേരി, മെൽബൺ സീറോമലബാർ രൂപത സ്ഥാപിക്കാനായി എല്ലാ സഹായവും ചെയ്തുതന്ന ഓസ്ട്രേലിയൻ കാത്തലിക് ബിഷപ്സ് കോൺഫറൻസിനു നന്ദി അറിയിച്ചു. കഴിഞ്ഞ ഒൻപതു വർഷംകൊണ്ട് ഈ രൂപതയെ ഒത്തിരിയേറെ നന്മകളിലേക്ക് നയിച്ച ബോസ്കോ പുത്തൂർ പിതാവിനെയും പിതാവിന്റെ വലംകൈയ്യായി നിന്ന് പ്രവർത്തിച്ച മോൺസിഞ്ഞോർ ഫ്രാൻസിൻ കോലഞ്ചേരിയെയും പിതാവ് പ്രത്യേകം അഭിനന്ദിച്ചു . മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ കർദ്ദിനാൾ ജോർജ് ആലഞ്ചേരി മുഖ്യകാർമ്മികത്വം വഹിച്ച തിരുക്കർമ്മങ്ങളിൽ മാർ ബോസ്കോ പുത്തൂർ, താമരശ്ശേരി രൂപത ബിഷപ്പ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ എന്നിവർ സഹകാർമ്മികരായിരുന്നു. വിശുദ്ധ കുർബാനക്കും സ്ഥാനാരോഹണ ചടങ്ങിനും ശേഷം നടന്ന യാത്രയപ്പ് ചടങ്ങിൽ വച്ച് രൂപതയുടെ ഉപഹാരമായി ബോസ്കോ പുത്തൂർ പിതാവിന്, മോൺ. ഫ്രാൻസിസ് കോലഞ്ചേരി മൊമെന്റൊ സമ്മാനിച്ചു. മാർ ബോസ്കോ പുത്തൂർ പിതാവിന്റെ യാത്രയയപ്പിനോടനുബന്ധിച്ച് പ്രസിദ്ധികരിക്കുന്ന സുവനീറിന്റെ പ്രകാശനകർമ്മം മോൺ. ഫ്രാൻസിസ് കോലഞ്ചേരിയും, സുവനീർ കമ്മിറ്റി കൺവീനർ ഗവിൻ ജോർജ് എന്നിവർ ഓസ്ട്രേലിയൻ കാത്തലിക് ബിഷപ്സ് കോൺഫറൻസ് പ്രസിഡന്റും പെർത്ത് അതിരൂപത ആർച്ച്ബിഷപ്പുമായ അഭിവന്ദ്യ തിമോത്തി കോസ്റ്റെല്ലോക്ക് നൽകികൊണ്ട് നിർവ്വഹിച്ചു.

യുറോപ്പിലെ സീറോമലബാർ അപ്പസ്തോലിക് വിസിറ്റേറ്റർ ബിഷപ്പ് മാർ സ്റ്റീഫൻ ചിറപ്പണത്ത്, ചിക്കാഗോ ബിഷപ്പ് മാർ ജോയ് ആലപ്പാട്ട്, രാജ്കോട്ട് ബിഷപ്പ് മാർ ജോസ് ചിറ്റൂപ്പറമ്പിൽ, ജഗ്ദൽപുർ മെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിൽ, തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ എന്നിവർ ഉൾപ്പെടെ ഓഷ്യാനിയയിലെ വിവിധ രൂപതകളിൽ നിന്നുള്ള 30 ഓളം ബിഷപ്പുമാരും മെൽബൺ രൂപതയിൽ സേവനം ചെയ്യുന്ന മുഴുവൻ വൈദികരും ഓസ്ട്രേലിയയിലും ന്യുസിലാൻഡിലും മറ്റു രൂപതകളിൽ സേവനം അനുഷ്ഠിക്കുന്ന മലയാളി വൈദികരും രൂപതയുടെ വിവിധ ഇടവകകളിൽനിന്നും മിഷനുകളിൽ നിന്നുമായി ആയിരത്തോളം അത്മായരും സ്ഥാനാരോഹണ ചടങ്ങുകൾക്ക് സാക്ഷ്യം വഹിച്ചു. ഓസ്ട്രേലിയൻ ഫെഡറൽവിക്ടോറിയ സംസ്ഥാനതല മന്ത്രിമാരും സാമുഹീക സാംസ്കാരിക മേഖലയിലെ പ്രമുഖരും ചടങ്ങിൽ പങ്കെടുത്തു.

# സീറോമലബാർ വിഷൻ

## എഡിറ്റോറിയൽ

### ~~ആത്മാവേ പോ~~ ആത്മാവേ വാ...

അടുത്ത കാലത്തിറങ്ങിയ *രോമാഞ്ചം* എന്ന മലയാളസിനിമയിലെ 'ആത്മാവേ പോ...' എന്ന ഗാനം കൊച്ചുകുട്ടികൾ ഉൾപ്പെടെ പാടി നടക്കുന്നതും ring tone ആയി ഉപയോഗിക്കപ്പെടുന്നതും കേൾക്കാനിടയായി. ആത്മാവേ പോ എന്നല്ല ആത്മാവേ വാ എന്ന് തീക്ഷണമായി പ്രാർത്ഥിച്ചതിന്റെയും നിരാശപ്പെടാതെ കാത്തിരുന്നതിന്റെയും ഫലമായിട്ടാണ് പിതാവായ ദൈവം പുത്രനായ യേശുവിലൂടെ സഹായകനായ പരിശുദ്ധാത്മാവിനെ നൽകിയത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആരംഭത്തിൽ 23ാം യോഹന്നാൻ മാർപാപ്പ പ്രാർത്ഥിച്ചു: ''ഞങ്ങൾക്കൊരു പുതിയ പന്തക്കുസ്താ നൽകുക. ഇക്കാലങ്ങളിലും അത്ഭുതങ്ങളും അടയാളങ്ങളും ഉണ്ടാകട്ടെ.'' പരിശുദ്ധ പിതാവിന്റെ ഈ പ്രാർത്ഥന ദൈവപിതാവ് കേൾക്കുകയും ലോകത്തിന്റെ നാനാദിക്കുകളിലും നിന്ന് സഹായകനായ പരിശുദ്ധാത്മാവിനെ ദൈവം വർഷിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മയുഗത്തിലാണ് നാം ജീവിക്കുന്നത്.

പന്തക്കുസ്താ എന്ന വാക്ക് 'അമ്പതാം ദിവസം' എന്ന് അർഥം വരുന്ന 'പെന്തെക്കൊസ്തേ' എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് ഉൽഭവിച്ചത്. ലൂക്കാ സുവിശേഷകന്റെ വീക്ഷണമനുസരിച്ച് ഉത്ഥാനത്തിരുനാളിന്റെ അമ്പതാം ദിവസമാണ് പരിശുദ്ധ അമ്മയോടൊപ്പം പ്രാർത്ഥിച്ചു കാത്തിരുന്ന ശ്ലീഹന്മാരുടെ മേൽ പരിശുദ്ധാത്മാവ് ആവസിച്ചത് (അപ്പ പ്രവ 2:14). എന്നാൽ യോഹന്നാന്റെ സുവിശേഷവീക്ഷണമനുസരിച്ച് കാൽവരിയിലെ കുരിശിൽ മഹത്ത്വീകരിക്കപ്പെട്ട കർത്താവ് തന്റെ ആത്മാവിനെ സമർപ്പിക്കുകയും (യോഹ 19:30) ഉത്ഥാനശേഷം ശിഷ്യന്മാരുടെമേൽ ഊതിക്കൊണ്ട് ''പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ'' (യോഹ 20:22) എന്ന് പറഞ്ഞു പരിശുദ്ധാത്മ അഭിഷേകം പൂർണ്ണമാക്കുകയും ചെയ്തു. പ്രവേശക കൂദാശകളിലൂടെ ആത്മാഭിഷേകം സ്വീകരിച്ചവരാണ് നാം. സ്വീകരിച്ച പരിശുദ്ധാത്മാവിനെ പാപകരമായ ജീവിതത്തിലൂടെ നിർവീര്യമാക്കിയവർ (1 തെസ്സ 5:19) ആത്മാവിന്റെ അഭിഷേകമുള്ളവരാകാൻ പുതിയ പെന്തക്കുസ്താ അനുഭവത്തിനായി വിശ്വാസസ്ഥിരതയോടെ പ്രാർത്ഥിക്കണം. കാരണം ''കർത്താവിന്റെ ആത്മാവ് സാവൂളിനെ വിട്ടുപോയി'' (1 സാമു 16:14), ''കർത്താവ് തന്നെ വിട്ടുപോയ കാര്യം സാംസൺ അറിഞ്ഞില്ല'' (ന്യായ 16:20) എന്നീ അനുഭവങ്ങൾ പരിശുദ്ധാത്മാവ് നമ്മിൽ നിർവീര്യമാകാൻ സാധ്യതയുണ്ടെന്നതിന്റെ ഓർമപ്പെടുത്തലാണ്.

ദൈവപിതാവിലൂടെ ആരംഭിക്കുകയും ദൈവപുത്രനിലൂടെ തുടരുകയും ചെയ്യുന്ന രക്ഷാകർമ്മം പരിശുദ്ധാത്മാവിലാണ് പൂർത്തീകരിക്കപ്പെടുന്നത്. ഈ ദൈവശാസ്ത്ര ചിന്തയാണ് ജെയിംസ് സ്വെറ്റ്നാം "Jesus' death is an act of replacing him with the Holy Spirit" എന്ന തത്വത്തിലൂടെ വിശ്വാസയോഗ്യമായി പഠിപ്പിച്ചത്. 'ശിഷ്യൻ + പരിശുദ്ധാത്മാവ് = അപ്പസ്തോലൻ' എന്നത് ശുശ്രൂഷാജീവിതത്തിൽ എന്നെ നയിക്കുന്ന ഒരു ആത്മീയ വീക്ഷണമാണ്. ഇക്കാലഘട്ടത്തിൽ ആത്മാവിൽ പൂരിതരായി ദൈവത്തിന്റെ രക്ഷാകർമ്മം തുടരേണ്ട അപ്പസ്തോലന്മാരാണ് വിശ്വാസികൾ. അതിനാൽ നമുക്കും സങ്കീർത്തകനോടൊപ്പം ''അങ്ങയുടെ സന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ! അങ്ങയുടെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുത്തുകളയരുതേ'' (സങ്കീ 51:11) എന്ന് പ്രാർത്ഥിക്കാം... പുതിയ പന്തക്കുസ്താ അനുഭവത്തിനായി പ്രത്യാശയോടെ കാത്തിരിക്കാം.



**ഫാ.ഡോ. ആന്റണി വടക്കേകര വി.സി.**
**ചീഫ് എഡിറ്റർ, സീറോമലബാർ വിഷൻ**

## ജനനനിരക്ക് രാജ്യത്തിന് പ്രത്യാശയുടെ പ്രധാന സൂചകം: ഫ്രാൻസിസ് പാപ്പ

റോം: സമൂഹത്തിൻറെ ജനനനിരക്ക് രാജ്യത്തിന് പ്രത്യാശയുടെ പ്രധാന സൂചകമാണെന്നു ഫ്രാൻസിസ് മാർപാപ്പ. റോമിൽ 'ദ ജനറൽ സ്റ്റേറ്റ് ഓഫ് ബെർത് റേറ്റ്' സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മാർപാപ്പ. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജ് മെലോനിയും കോൺഫറൻസിൽ പങ്കെടുത്തു. കുട്ടികളുടെ ജനനം എന്നത് ജനങ്ങളുടെ പ്രത്യാശയുടെ മുഖ്യ സൂചകമാണ്. ജനനം തീരെ കുറവാണെങ്കിൽ അവിടെ പ്രത്യാശയും കുറവായിരിക്കും. നാളെയുടെ ഏറ്റവും വലിയ ആശങ്കയാണ് കുറഞ്ഞ ജനനനിരക്കെന്ന് മാർപാപ്പ പറഞ്ഞു. ഫൗണ്ടേഷൻ ഫോർ ബെർത്സ് ആൻഡ് ഫാമിലി അസോസിയേഷൻസ് ഫോറം ആണ് ചടങ്ങ് സംഘടിപ്പിച്ചത്. ഇറ്റലിയിൽ ജനനനിരക്ക് അപകടകരമായ തരത്തിൽ കുറഞ്ഞുവരികയാണ്. യൂറോപ്പിൽ ഏറ്റവും കുറഞ്ഞ ജനനനിരക്കുള്ള രാജ്യമാണ് ഇറ്റലി. 2022ൽ 3,93,000 കുട്ടികളാണ് ഇറ്റലിയിൽ ജനിച്ചത്. അതേസമയം, മരണം 7 ലക്ഷമായിരുന്നു.



## യാത്രയയപ്പ് നൽകി



കാക്കനാട്: സീറോമലബാർസഭയുടെ ആസ്ഥാന കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ ആറ് വർഷക്കാലം ശുശ്രൂഷ ചെയ്ത റവ. ഡോ. സെബാസ്റ്റ്യൻ മുട്ടംതൊട്ടിൽ MCBS ശുശ്രൂഷയുടെ കാലാവധി പൂർത്തിയാക്കി തന്റെ സമർപ്പിതസമൂഹത്തിലേക്ക് പുതിയ ശുശ്രൂഷകൾക്കായി നിയോഗിക്കപ്പെട്ടു. വിവിധ കമ്മീഷനുകളുടെ സെക്രട്ടറിയായി സ്തുത്യർഹമായി സേവനം ചെയ്ത അദ്ദേഹത്തിന് കൂരിയാ കുടുംബം ഹൃദ്യമായ യാത്രയയപ്പ് നൽകി.

**സീറോമലബാർ വിഷനിലേക്ക് രൂപതാ / സമർപ്പിതസമൂഹ വാർത്തകൾ അയക്കാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന ഐഡിയിലേക്ക് മെയിൽ അയക്കുകയോ, നമ്പറിലേക്ക് വാട്ട്സാപ്പ് മെസേജ് അയക്കുകയോ ചെയ്യാവുന്നതാണ്.**

**email: syromalabarvision@gmail.com**
**whatsapp: +91 8089552280**

സീറോമലബാർ വിഷൻ
EDITORIAL BOARD

PATRON
MAR GEORGE CARDINAL ALENCHERRY
Major Archbishop

ADVISORY BOARD
MAR JOSEPH PAMPLANY
Chairman, Media Commission
MAR PAULY KANNOOKADAN
Episcopal Member, Media Commission
MAR SEBASTIAN VANIYAPURACKAL
Episcopal Member, Media Commission

CHIEF EDITOR
FR. DR. ANTONY VADAKKEKARA VC
PRO & Secretary, Media Commission

ASSOCIATE EDITOR
FR. DR. PRAKASH MATTATHIL
Vice-chancellor

MANAGING EDITOR
FR. SEBY KOLANGARA
Executive Director, Internet Mission

CONSULTANTS
DR. CHACKO KALAMPARAMBIL
PROF. KOCHURANI JOSEPH
ADV. AGI JOSEPH

DESIGN & LAYOUT
EBY THOMAS
Office Staff, Media Commission

# വന്യമൃഗങ്ങൾ നാട്ടിലിറങ്ങി മനുഷ്യജീവനെടുക്കുന്നതു കേരളത്തിന് അപമാനകരം: കർദിനാൾ മാർ ആലഞ്ചേരി



കാക്കനാട്: വന്യമൃഗങ്ങൾ നാട്ടിലിറങ്ങി മനുഷ്യരെ കൊലപ്പെടുത്തുന്നതും പരിക്കേൽപ്പിക്കുന്നതുമായ സംഭവങ്ങൾ സംസ്ഥാനത്തിന് അപമാനകരമാണെന്ന് മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. മൂന്നു പേർ ഒറ്റ ദിവസം കൊല്ലപ്പെട്ടെന്ന വാർത്ത ഞെട്ടിക്കുന്നു. എരുമേലി കണമല പ്രദേശത്തു കർഷകനായ പ്ലാവനാക്കുഴിയിൽ തോമസിനെ റബർതോട്ടത്തിൽവച്ചും പുറത്തേൽ ചാക്കോച്ചനെ വീടിന്റെ വരാന്തയിൽവച്ചുമാണ് കാട്ടുപോത്ത് ആക്രമിച്ചത്. ഇതേസമയംതന്നെ, കൊല്ലം അഞ്ചലിൽ പ്രവാസിയായ സാമുവൽ വർഗീസിനെയും കാട്ടുപോത്ത് ആക്രമിച്ചു കൊലപ്പെടുത്തി. സമാനമായ സംഭവങ്ങൾ പലയിടത്തും നടന്നുകൊണ്ടിരിക്കുന്നു. ഇത് ഒരു പരിഷ്കൃത സമൂഹത്തിന് തികച്ചും അപമാനമാണ്.

മനുഷ്യജീവനു ഭീഷണിയാകുന്ന വന്യമൃഗങ്ങളെ നിയന്ത്രിക്കാനും മനുഷ്യജീവൻ സംരക്ഷിക്കാനുമുള്ള അടിയന്തരനടപടികൾ സർക്കാർ സ്വീകരിക്കണം. ഇക്കാര്യത്തിൽ ഉത്തരവാദിത്വപ്പെട്ടവർ പുലർത്തുന്ന അലംഭാവം പ്രതിഷേധാർഹമാണ്. വന്യമൃഗങ്ങൾക്കു കൊടുക്കുന്ന പരിഗണനയും നിയമപരിരക്ഷയും സംരക്ഷണവും മനുഷ്യർക്കു നിഷേധിക്കുന്നതു ന്യായീകരിക്കാനാവാത്തതാണ്. ഇത്തരം സാഹചര്യങ്ങളിൽ പതിവായി നടത്തുന്ന പ്രസ്താവനകൾക്കും തുച്ഛമായ സാമ്പത്തികസഹായപ്രഖ്യാപനങ്ങൾക്കുമപ്പുറം ആവശ്യമായ നിയമനിർമാണം നടത്താൻ സർക്കാർ തയ്യാറാകണം. വന്യമൃഗങ്ങളുടെ സംരക്ഷണത്തിനും അവയുടെ എണ്ണത്തിലുള്ള അപകടകരമായ വർധനവ് നിയന്ത്രിക്കുന്നതിനും മറ്റു വികസിതരാജ്യങ്ങളിൽ എടുത്തിരിക്കുന്ന നിയമനടപടികൾ നമ്മുടെ രാജ്യത്തിനും മാതൃകയാകേണ്ടതാണ്.

പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ടവരുടെ ദുഃഖത്തിൽ ആത്മാർഥമായി പങ്കുചേരുകയും മരണമടഞ്ഞവർക്കും അവരുടെ കുടുംബാംഗങ്ങൾക്കുംവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നുവെന്ന് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പ്രസ്താവനയിൽ പറഞ്ഞു.

**2016 ഫെബ്രുവരി ഒന്നു മുതൽ ഈ വർഷം മാർച്ച് 6 വരെ 20 സ്ഥലത്തെങ്കിലും കാട്ടുപോത്തിന്റെ ആക്രമണം ഉണ്ടായെന്നും ഇതിൽ 8 പേർ കൊല്ലപ്പെട്ടുവെന്നും 12 പേർക്ക് പരുക്കേറ്റെന്നും അനൗദ്യോഗിക കണക്കുകൾ പറയുന്നു.**

## ഫലപ്രദമായ നടപടികൾ വേണം: കെസിബിസി

കൊച്ചി: വന്യജീവികൾ നാട്ടിലേക്കിറങ്ങുന്നതും മനുഷ്യരെ ആക്രമിക്കുന്നതും നിയന്ത്രിക്കാൻ ഫലപ്രദമായ നടപടികൾക്കും നിയമ നിർമാണത്തിനും സർക്കാർ തയാറാകണമെന്ന് കെസിബിസി പ്രസിഡൻറ് കർദിനാൾ മാർ ബേസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ അഭ്യർഥിച്ചു. വന്യജീവികളുടെ ആക്രമണങ്ങൾ കേരളത്തിൽ തുടർക്കഥയാകുന്നത് സർക്കാർ അർഹമായ ഗൗരവത്തോടെ കാണുന്നുണ്ടോ എന്ന സംശയം ഉയരുന്നുണ്ട്. മലയോര ജനതയുടെ ആവലാതികളും ആശങ്കകളും കണക്കിലെടുത്ത് ഇക്കാര്യത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കുകയാണു വേണ്ടത്. വനത്തിനും വന്യജീവികൾക്കും സംരക്ഷണം നൽകാൻ സർക്കാർ സംവിധാനങ്ങൾ പുലർത്തുന്ന ജാഗ്രത മനുഷ്യൻറെയും ജനതയുടെ ആവാസത്തിൻറെയും കാര്യത്തിലും ഉണ്ടാകണം. കാട്ടുപോത്തിൻറെ ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾ അനുഭവിക്കുന്ന ദുഃഖത്തിൽ പങ്കു ചേരുന്നതായും കർദിനാൾ മാർ ക്ലീമിസ് പറഞ്ഞു.

## മനുഷ്യജീവന് പ്രഥമസ്ഥാനം നൽകണം കെസിബിസി പ്രോ ലൈഫ് സമിതി

കൊച്ചി: നിയമനിർമാണം നടത്തുമ്പോഴും അതു നടപ്പാക്കുമ്പോഴും മനുഷ്യജീവന് മൃഗങ്ങളേക്കാൾ സ്ഥാനം നൽകണമെന്നു കെസിബിസി പ്രോലൈഫ് സമിതി നേതൃസമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു. വനാതിർത്തിമേഖലയിൽ വന്യമൃഗ ആക്രമണങ്ങൾ മൂലം മരണം ആവർത്തിക്കുന്നതിനാൽ കുടുംബങ്ങൾ ഭീതിയിലാണ്. വന്യമൃഗ ആക്രമണത്തിൽനിന്നു ജനത്തെ രക്ഷിക്കാൻ വനംവകുപ്പ് ഉദ്യോഗസ്ഥരും ബന്ധപ്പെട്ടവരും ജാഗ്രതയോടെ അടിയന്തര നടപടി സ്വീകരിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

ഡയറക്ടർ ഫാ. ക്ലീറ്റസ് വർഗീസ് കതിർപറമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജീവൻറെ സംരക്ഷണ മേഖലയിലെ വിവിധ വിഷയങ്ങൾ ഉന്നയിച്ച് കാസർഗോഡുനിന്ന് തിരുവനന്തപുരത്തേക്ക് 'മാർച്ച് ഫോർ ലൈഫ്' നടത്താൻ യോഗം തീരുമാനിച്ചു.

മനുഷ്യജീവൻറെ സംരക്ഷണം ലക്ഷ്യമാക്കി കെസിബിസി പ്രസിഡൻറ് കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാബാവ നടത്തിയ പ്രസ്താവനയെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ വനംമന്ത്രി വ്യാഖ്യാനിച്ചതിൽ യോഗം പ്രതിഷേധിച്ചു.

## ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ

# ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചു

തിരുവനന്തപുരം: തീരദേശ, മലയോര മേഖലകളിലും കുട്ടനാടൻ പ്രദേശത്തും അധിവസിക്കുന്ന ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ പരിഹരിക്കാനുള്ള നിർദേശങ്ങളുമായി ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട്. ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ സാമൂഹ്യസാമ്പത്തിക പിന്നാക്കാവസ്ഥയും ക്ഷേമവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കാൻ സർക്കാർ നിയോഗിച്ച ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷൻ മുഖ്യമന്ത്രി പിണറായി വിജയനു നല്കിയ റിപ്പോർട്ടിൽ ഇക്കാര്യങ്ങൾ വ്യക്തമാക്കിയതായാണ് അറിയുന്നത്. കുട്ടനാട്ടിലെ ജീവിത നിലവാരം ഉയർത്താനുള്ള സുപ്രധാന നിർദേശങ്ങളും കമ്മീഷൻ മുന്നോട്ടുവച്ചു. തീരദേശ മേഖലയിൽ കടലിനോടു ചേർന്നു താമസിക്കുന്നവരുടെ പുനഃരധിവാസം നടത്തുമ്പോൾ ഇവരുടെ ആവാസ വ്യവസ്ഥയ്ക്ക് അനുകൂലമായ സ്ഥലത്തുതന്നെ മാറ്റി പാർപ്പിക്കണമെന്ന നിർദേശവുമുണ്ട്. ക്രൈസ്തവ വിഭാഗങ്ങളിൽ തീരദേശ വാസികളാണ് ഏറ്റവും പിന്നാക്കാവസ്ഥയിൽ നിൽക്കുന്നതെന്നും അതിനാൽ ഇവരുടെ ഉന്നമനത്തിന് പ്രത്യേക പരിഗണന നല്കണമെന്ന കാര്യവും പരാമർശിക്കുന്നു.



ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക സ്ഥിതി സംബന്ധിച്ചുള്ള പരാമർശവും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ മേഖലകളുമായി ബന്ധപ്പെട്ടുള്ളതായിരുന്നു കമ്മീഷനു ലഭിച്ച പരാതികളിലേറെയും. ദളിത് ക്രൈസ്തവവിഭാഗങ്ങളും നിരവധി പ്രതിസന്ധികൾ നേരിടുന്നതിനാൽ ഇവരുടെ ഉന്നമനത്തിനായി പ്രത്യേക ശ്രദ്ധ ഉണ്ടാവണമെന്ന സൂചനയുമുണ്ട്. കമ്മീഷൻ ജില്ലകൾ തോറും നടത്തിയ സിറ്റിംഗിലൂടെയും തപാലിലൂടെ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിലും വിദഗ്ധരുമായി നടത്തിയ ചർച്ചകൾക്കുമൊടുവിലാണ് റിപ്പോർട്ട് തയാറാക്കിയത്. 306 പേജിൽ രണ്ടു ഭാഗങ്ങളായി തയാറാക്കിയ റിപ്പോർട്ടിൽ 500 ശിപാർശകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കമ്മീഷൻ അംഗം മുൻ ഡിജിപി ജേക്കബ് പുന്നൂസ്, മെമ്പർ സെക്രട്ടറിയും റിട്ട. ജില്ലാ ജഡ്ജിയുമായ സി.വി. ഫ്രാൻസിസ് എന്നിവർക്കൊപ്പമെത്തിയാണ് ജസ്റ്റീസ് ജെ.ബി. കോശി റിപ്പോർട്ട് മുഖ്യമന്ത്രിക്കു കൈമാറിയത്.

## ചെറുപുഷ്പ മിഷൻ ലീഗ് ചിക്കാഗോ രൂപത നേതൃസംഗമവും സെമിനാറും

ചിക്കാഗോ രൂപത

ചിക്കാഗോ: ചെറുപുഷ്പ മിഷൻ ലീഗ് ചിക്കാഗോ രൂപതയിലെ യൂണിറ്റ് ഭാരവാഹികൾക്കായി സെമിനാർ സംഘടിപ്പിച്ചു. ചെറുപുഷ്പ മിഷൻ ലീഗ് രൂപതാ പ്രസിഡന്റ് സിജോയ് സിറിയക് പറപ്പള്ളിൽ, ജോയിന്റ് ഡയറക്ടർ സിസ്റ്റർ ആഗ്നസ് മരിയാ എം.എസ്.എം.ഐ എന്നിവർ ക്ളാസ്സുകൾ നയിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് ദാനവേലിൽ സ്വാഗതവും എക്സിക്യൂട്ടീവ് അംഗം സോണിയ ബിനോയ് നന്ദിയും പറഞ്ഞു. ഫാ. ബിൻസ് ചേത്തലിൽ, സിസ്റ്റർ റോസ് പോൾ, വിവിധ ഇടവകളിൽ നിന്നുള്ള മിഷൻ ലീഗ് ഭാരവാഹികൾ എന്നിവർ സംസാരിച്ചു. രൂപതാ ജനറൽ സെക്രട്ടറി റ്റിസൺ തോമസ് ചർച്ചകളുടെ മോഡറേറ്ററായി പ്രവർത്തിച്ചു. ജെയിംസ് കുന്നശ്ശേരി പരിപാടിയുടെ എം.സി ആയിരുന്നു. രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ പരിപാടികൾക്ക് നേതൃത്വം നൽകി.

ചിക്കാഗോ രൂപതാ മെത്രാൻ മാർ ജോയ് ആലപ്പാട്ട് നേതൃസംഗമം ഉദ്ഘാടനം ചെയ്തു. CML രൂപതാ പ്രസിഡന്റ് സിജോയ് സിറിയക് പറപ്പള്ളിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് ദാനവേലിൽ സ്വാഗതവും വൈസ് പ്രസിഡന്റ് ജിമ്മിച്ചൻ മുളവന നന്ദിയും പറഞ്ഞു. രൂപതാ ജനറൽ സെക്രട്ടറി റ്റിസൺ തോമസ്, ജോയിന്റ് ഡയറക്ടർ സിസ്റ്റർ ആഗ്നസ് മരിയാ എം.എസ്.എം.ഐ, ജോയിന്റ് സെക്രട്ടറി സോഫിയ തോമസ് എന്നിവർ സംസാരിച്ചു.

## മധ്യപ്രദേശിലെ ക്രൈസ്തവ അനാഥാലയത്തിൽ അനധികൃത റെയ്ഡ്

### *സെർച്ച് വാറണ്ടോ മറ്റ് ഉത്തരവുകളോ ഇല്ലാതെയായിരുന്നു റെയ്ഡ്*

സാഗർ രൂപത

ന്യൂഡൽഹി: മധ്യപ്രദേശിലെ സാഗർ നഗരത്തിനടുത്ത് ഷാംപുര ഗ്രാമത്തിൽ 150 വർഷത്തിലേറെയായി പ്രവർത്തിക്കുന്ന സെൻറ് ഫ്രാൻസിസ് സേവാധാം ഓർഫനേജിൽ അനധികൃത പരിശോധനയുമായി ഉദ്യോഗസ്ഥർ. ദേശീയ ബാലാവകാശ കമ്മീഷൻ ചെയർമാൻ പ്രിയങ്ക് കനുംഗോയും സംസ്ഥാന ശിശുക്ഷേമവകുപ്പ് ഉദ്യോഗസ്ഥരും പോലീസും ഉൾപ്പെടുന്ന സംഘമാണ് തെരച്ചിലിനെത്തിയത്. സെർച്ച് വാറണ്ടോ മറ്റ് ഉത്തരവുകളോ ഇല്ലാതെ എത്തിയ സംഘം ഓഫീസ് മുറികൾ അലങ്കോലമാക്കുകയും ദേവാലയത്തിൽ കടന്നുകയറുകയും ചെയ്തു. മദ്ബഹയിലെ ക്രമീകരണങ്ങൾ അലങ്കോലപ്പെടുത്തുന്നതു ചോദ്യംചെയ്ത വൈദികരെ മർദിക്കുകയും കൃത്യനിർവഹണം തടസപ്പെടുത്തി എന്നു പറഞ്ഞ് കേസെടുക്കുകയും ചെയ്



തു. വിശുദ്ധ കുർബാനയ്ക്കായി സൂക്ഷിച്ചിരുന്ന വീഞ്ഞ് ഉൾപ്പെടെ പരിശോധനയ്ക്കെന്ന പേരിൽ ഉദ്യോഗസ്ഥർ കൊണ്ടുപോയതായി വൈദികർ പറഞ്ഞു. സിസ്റ്റേഴ്സിൻറെ മുറികളിലും ഹോസ്റ്റലുകളിലും ഉദ്യോഗസ്ഥർ അതിക്രമിച്ചു കയറി. സിസിടിവിയും കംപ്യൂട്ടറുകളും നശിപ്പിക്കുകയും ഫോണുകളും രേഖകളും പിടിച്ചെടുക്കുകയും ചെയ്തു. ഓർഫനേജിൻറെ ചുമതലക്കാരായ ഫാ. ജോഷി, ഫാ. നവിൻ എന്നിവരെ ചോദ്യംചെയ്യാനായി പോലീസ് സ്റ്റേഷനിലേക്കു കൂട്ടിക്കൊണ്ടുപോകുകയും ഫോണുകൾ പിടിച്ചുവാങ്ങുകയും ചെയ്തു. വൈദികർക്ക് ഏഴു മണിക്കൂറിനു ശേഷമാണു ജാമ്യം ലഭിച്ചത്.

ഓർഫനേജിൻറെ രജിസ്ട്രേഷൻ കാലാവധി അവസാനിച്ചെന്നു ചൂണ്ടിക്കാട്ടി കെട്ടിച്ചമച്ച കേസുകളുടെ അടിസ്ഥാനത്തിലാണ് ഉദ്യോഗസ്ഥർ റെയ്ഡിനെത്തിയതെന്ന് ഓർഫനേജ് അധികൃതർ പറഞ്ഞു. ഓർഫനേജിൻറെ രജിസ്ട്രേഷൻ പുതുക്കാനുള്ള അപേക്ഷ മൂന്നുവർഷമായി തീരുമാനമാകാതെ കിടക്കുകയാണ്. ഓർഫനേജിന് അംഗീകാരമില്ലെന്നു ചൂണ്ടിക്കാട്ടി കുട്ടികളെ മാറ്റിപ്പാർപ്പിക്കാൻ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് 2021ലുണ്ടായ ശ്രമങ്ങൾ ജബൽപുർ ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നു.

## കോട്ടയം അതിരൂപതാ അസംബ്ലി ഔദ്യോഗിക രേഖ പ്രകാശനം ചെയ്തു

കോട്ടയം അതിരൂപത



കോട്ടയം: കോട്ടയം അതിരൂപതയുടെ 40മതു അസംബ്ലിയുടെ ഔദ്യോഗിക രേഖ കോട്ടയം അതിരൂപതാ അധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്താ പ്രകാശനം ചെയ്തു. വിശദമായ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ചാണ് അസംബ്ലിയെ തുടർന്നുള്ള പ്രവർത്തനരേഖ തയ്യാറാക്കിയിരിക്കുന്നത്. അസംബ്ലിയുടെ ഔദ്യോഗികരേഖ ഫലപ്രദമായി നടപ്പിലാക്കുന്നതിലൂടെ അതിരൂപതയുടെ സുഗമമായ ഭാവി രൂപപ്പെടുത്തുന്നതിനും വിശ്വാസത്തിന്റെ സാക്ഷികളായി സഭാ ജീവിതം തുടരുന്നതിനും ഉപകരിക്കട്ടെയെന്ന് പ്രകാശനകർമ്മം നിർവ്വഹിച്ചുകൊണ്ട് അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ടു പറഞ്ഞു. അതിരൂപതയിലെ എല്ലാ സമിതികളിലും കൂടാരയോഗങ്ങളിലും രേഖ പഠനവിഷയമാക്കി അതിന്റെ ചൈതന്യത്തിൽ പ്രവർത്തനങ്ങൾ നടത്തണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. സെൻട്രൽ കമ്മിറ്റി അംഗങ്ങളായ മാർ ജോസഫ് പണ്ടാരശ്ശേരിൽ, ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഫാ. ജോൺ ചേന്നാകുഴി, ബിനോയി ഇടയാടിയിൽ എന്നിവർ സന്നിഹിതരായിരുന്നു. 2023-'24 വർഷങ്ങളിൽ റോമിൽ നടക്കുന്ന 16-ാമതു മെത്രാൻ സിനഡിന്റെ പഠന വിഷയത്തെ അധികരിച്ചു "സിനഡാത്മക അതിരൂപത: കൂട്ടായ്മ, പങ്കാളിത്തം, പ്രേക്ഷിതദൗത്യം" എന്ന ആപ്തവാക്യത്തോടെയാണ് അതിരൂപതയിൽ അസംബ്ലി നടന്നത്.



# ദൈവകൃപയിൽ ആശ്രയിച്ച് ഒന്നിച്ചു മുന്നേറാം

## മാർ ജോൺ പനംതോട്ടത്തിൽ

ഓസ്ട്രേലിയായിലെ മെൽബൺ സീറോമലബാർ രൂപതയുടെ മെത്രാനായി അഭിഷക്തനായ മാർ ജോൺ പനംതോട്ടത്തിൽ പിതാവ് സീറോമലബാർ വിഷൻ ചീഫ് എഡിറ്റർ ആന്റണി വടക്കേകര അച്ചനുമായി നടത്തിയ അഭിമുഖസംഭാഷണത്തിൽ നിന്നും....

### പിതാവിന്റെ കുടുംബപശ്ചാത്തലത്തെക്കുറിച്ചും ഇതുവരെയുള്ള കർമ്മമേഖലകളെക്കുറിച്ചും പറയാമോ?

തലശ്ശേരി അതിരൂപതയിലെ പെരുമ്പുന്ന ഇടവകയിലാണ് എന്റെ കുടുംബാംഗങ്ങൾ താമസിക്കുന്നത്. മാതാപിതാക്കൾ സ്വർഗ്ഗ സമ്മാനത്തിനായി വിളിക്കപ്പെട്ടു. ഞങ്ങൾ എട്ടു സഹോദരന്മാരും രണ്ടു സഹോദരിമാരുമായി പത്ത് മക്കളാണ്, ഒരു ജേഷ്ഠൻ മരണപ്പെട്ടു.

1982-ൽ ഞാൻ സി.എം.ഐ. സഭയിൽ ചേർന്നു. 15 വർഷത്തെ ദീർഘകാല പഠനത്തിനു ശേഷം 1997-ൽ വൈദികപട്ടം സ്വീകരിച്ചു. 10 വർഷക്കാലം അദ്ധ്യാപകനായും 9 വർഷക്കാലം സി.എം.ഐ. സഭയുടെ പ്രൊവിൻഷ്യലായും, പ്രൊവിൻഷ്യൽ കൗൺസിലറായും 6 വർഷം അജപാലനരംഗത്തുമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

മേൽപ്പട്ടശുശ്രൂഷ ഒരിക്കലും പ്രതീക്ഷിക്കാത്ത നിയമനമായിരുന്നു. വയനാട്ടിലെ നിരവിൽപ്പുഴ ഗ്രാമത്തിൽ കാടിനാൽ ചുറ്റപ്പെട്ട 50 ഏക്കറോളം വരുന്ന സി.എം.ഐ. സഭയുടെ ആശ്രമസ്ഥലത്ത് ഒരു പ്രകൃതി പഠന കേന്ദ്രം ആരംഭിക്കുവാനുള്ള പ്രവർത്തനത്തിൽ വ്യാപൃതനായിരിക്കുമ്പോഴാണ് അവിചാരിതമായ ഈ സന്ദേശം ലഭിക്കുന്നത്. നമ്മുടെ വ്യക്തിപരമായ താല്പര്യങ്ങൾക്കും സ്വപ്നങ്ങൾക്കും ദൈവിക പദ്ധതിയിൽ സ്ഥാനമില്ലല്ലോ.

### അങ്ങയുടെ അനുഭവത്തിൽനിന്ന് ഓസ്ട്രേലിയായിലെ സഭയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ എന്തൊക്കെയാണ്?

ഓസ്ട്രേലിയായിലെ ബ്രിസ്ബെൻ അതിരൂപതയിൽ 2015 മുതൽ 2020 വരെ അഞ്ചുവർഷക്കാലം ഞാൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഓസ്ട്രേലിയായിലെ കത്തോലിക്ക സഭയ്ക്ക് ഏകദേശം 220 വർഷത്തോളം പാരമ്പര്യമുണ്ട്. കഴിഞ്ഞ രണ്ടു ശതകങ്ങളിലെ സഭയുടെ ചരിത്രം പഠിക്കുമ്പോൾ വളർച്ചയും തളർച്ചയും കാണുവാൻ സാധിക്കും. പക്ഷെ കഴിഞ്ഞ 20 വർഷത്തെ ഓസ്ട്രേലിയായിലേക്കുള്ള കുടിയേറ്റ ചരിത്രം പരിശോധിക്കുമ്പോൾ വിവിധ രാജ്യങ്ങളിൽ നിന്നുള്ള വിശ്വാസികളുടെ കുടിയേറ്റം ഓസ്ട്രേലിയൻ സഭയ്ക്ക് ഒരു പുത്തനുണർവ്വ് നല്കുന്നതായി കാണുവാൻ സാധിക്കും.

### ഓസ്ട്രേലിയായിലെ ക്രിസ്തീയ സമൂഹം നേരിടുന്ന സുപ്രധാനമായ വെല്ലുവിളികൾ എന്തെല്ലാമാണ്?

ലോകമെങ്ങും നേരിടുന്ന വെല്ലുവിളികൾ തന്നെയാണ് ഓസ്ട്രേലിയായിലെയും ക്രിസ്തീയ സഭകൾ നേരിട്ടുകൊിരിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളിയായി എനിക്ക് തോന്നിയത് സെക്കുലറിസം തന്നെയാണ്. സെക്കുലറിസത്തിന്റെ കടന്നുകയറ്റം സഭയിലും, കുടുംബത്തിലും, വ്യക്തി ജീവിതങ്ങളിലും ആഴമായ മാറ്റം വരുത്തുന്നുണ്ട്. ദൈവം, ദൈവാലയ മൂല്യങ്ങൾ ഇവയൊക്കെ അപ്രസക്തവും ആവശ്യമില്ലാത്തതുമാണെന്ന ചിന്ത ഇതുമൂലം സൃഷ്ടിക്കപ്പെടുന്നു. വൈദിക ജീവിതത്തിലേക്കും സന്ന്യസ്ത ജീവിതത്തിലേക്കുമുള്ള ദൈവവിളികൾ ഇല്ലാതാകുന്നതും പല കുടുംബന്ധങ്ങളും ശിഥിലമാകുന്നതും ദൈവവിശ്വാസത്തിന്റെ കുറവിനെയും ഭൗതികതയുടെ വളർച്ചയെയും സൂചിപ്പിക്കുന്നു.

### നവമാധ്യമങ്ങളിലൂടെയുള്ള പുതിയ സുവിശേഷവൽക്കരണത്തെക്കുറിച്ചുള്ള പിതാവിന്റെ അഭിപ്രായങ്ങൾ?

പുതിയ തലമുറയ്ക്ക് മനസ്സിലാകുന്ന ഭാഷ നവമാധ്യമങ്ങളുടേതാണ്. ഈ മേഖലയിൽ നാം ഇനിയും മുമ്പോട്ടുപോകേണ്ടതുണ്ട്. ഈ മേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ചവർ നമ്മുടെ രൂപതയിലുണ്ട്. അവരുടെ സഹകരണത്തോടെ ഇനിയും ഒട്ടേറെ കാര്യങ്ങൾ തീർച്ചയായും നമുക്ക് ചെയ്യുവാൻ കഴിയും.

### പുതിയ നിയോഗം ഏറ്റെടുക്കുമ്പോൾ പ്രതീക്ഷകൾ എന്തൊക്കെ?

ഓഷ്യാനിയായിൽ വ്യാപിച്ച് കിടക്കുന്ന രൂപത വളർച്ചയുടെ പാതയിലാണ്. നമ്മെക്കുറിച്ച് ഓസ്ട്രേലിയായിലെ മറ്റ് സഭകൾ വിശേഷിപ്പിക്കുന്നത് Vibrant Church എന്നാണ്. പഠനത്തോടും ജോലിയോടുമൊപ്പം ദൈവത്തോടും ദേവാലയത്തോടും ചേർന്നു നിൽക്കുവാനിഷ്ടപ്പെടുന്നവരാണ് നമ്മുടെ സഭയുടെ ഭൂരിഭാഗം വിശ്വാസികൾ. സഭയ്ക്കും സമൂഹത്തിനുമായി സമയം മാറ്റിവയ്ക്കുവാൻ അവർ തയ്യാറാണ്. നമ്മുടെ ദേവാലയത്തിൽ എല്ലാവർക്കും തുല്യപ്രാധാന്യമുണ്ടാകണം. കാരണം സഭയും രൂപതയും ദേവാലയങ്ങളും നാം ഓരോരുത്തരുടേതുമാണ്.

പ്രവാസിജീവിതത്തിൽ നാം എറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് ഒറ്റപ്പെട്ടുപോകുവാനല്ല മറിച്ച് ഒന്നിച്ചു നിൽക്കുവാനാണ്. അതിനുള്ള ഏറ്റവും നല്ല സ്ഥലം ദേവാലയമാണ്. അതുകൊണ്ട് തന്നെ മെത്രാനെന്ന നിലയിൽ എനിക്കും, വൈദികർക്കും, ഓരോ വിശ്വാസികൾക്കും രൂപതയെ കൂട്ടായ്മയുടെയും സ്നേഹത്തിന്റെയും സഹകരണത്തിന്റെയും കേന്ദ്രമാക്കുവാൻ ഒരുപോലെ കടമയും ഉത്തരവാദിത്വവുമുണ്ട്.




**“ പ്രവാസിജീവിതത്തിൽ നാം എറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് ഒറ്റപ്പെട്ടു പോകുവാനല്ല മറിച്ച് ഒന്നിച്ചു നിൽക്കുവാനാണ്. അതിനുള്ള ഏറ്റവും നല്ല സ്ഥലം ദേവാലയമാണ്.**

### രൂപതയുടെ അജപാലന ശുശ്രൂഷകൾ ഇനിയും എത്തിപ്പെടേണ്ട പുതിയ മേഖലകൾ?

ഓസ്ട്രേലിയയിലും ന്യൂസിലൻഡിലും ഓഷ്യാന മുഴുവനിലുമായി വ്യാപിച്ചുകിടക്കുന്ന രൂപതയ്ക്ക് ഒട്ടേറെ പരിമിതികളുണ്ട്. അതിൽ ഏറ്റവും പ്രധാനം അജപാലനശുശ്രൂഷയ്ക്കായുള്ള വൈദികരുടെ എണ്ണം വളരെ കുറവാണ്. ന്യൂസിലാൻഡിൽ ഏറെ കാര്യങ്ങൾ ഇനിയും ചെയ്യാനുണ്ട് എന്ന് ഞാൻ മനസ്സിലാക്കുന്നു.

അഭിവന്ദ്യ ബോസ്കോ പിതാവിന്റെ നേതൃത്വത്തിൽ നല്ല ഒരു അടിസ്ഥാനമിടുവാൻ സാധിച്ചിട്ടുണ്ട്. രൂപതയുടെ അജപാലനശുശ്രൂഷയ്ക്കായി നല്ല ഒരു പാസ്റ്ററൽ പോളിസിയും ആക്ഷൻ പ്ലാനും അദ്ദേഹം ഒരുക്കിയിട്ടുണ്ട്. ഇവ പ്രാവർത്തികമാക്കേണ്ടതുണ്ട്.



## സിസ്റ്റർ റോസ്മിൻ ജോസഫൈൻ സുപ്പീരിയർ ജനറൽ



കോട്ടയം: ജോസഫൈൻ സന്യാസിനീസമൂഹത്തിന്റെ സുപ്പീരിയർ ജനറലായി സിസ്റ്റർ റോസ്മിൻ ചെമ്മരപ്പള്ളി തെരഞ്ഞെടുക്കപ്പെട്ടു. വില്ലൂന്നി ജനറലേറ്റിൽ വികാരി ജനറാൾ ഫാ. വർഗീസ് താനമാവുങ്കലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജനറൽ കൗൺസിലേഴ്സായി സിസ്റ്റർ ജെസ്‌ലിൻ തോമസ് പുളിക്കൽ, സിസ്റ്റർ ജോമേരി ജോൺ തുരുത്തേൽ, സിസ്റ്റർ സീയോൻ മരിയ കോട്ടാശേരി, സിസ്റ്റർ റാണി മരിയ മണ്ണഞ്ചേരി എന്നിവരെയും ജനറൽ പ്രൊക്യുറേറ്ററായി സിസ്റ്റർ ഫിൽജോ കുളത്തുങ്കലിനെയും തെരഞ്ഞെടുത്തു.

## സിസ്റ്റർ ഡോണ പാറേക്കാട്ടിൽ പ്രേഷിതാരാം സുപ്പീരിയർ ജനറൽ

PRESHITHARAM CONGREGATION



കൊച്ചി: പ്രേഷിതാരാം സന്യാസിനീസമൂഹത്തിന്റെ സുപ്പീരിയർ ജനറലായി സിസ്റ്റർ ഡോണ പാറേക്കാട്ടിൽ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. കാലടി പ്രേഷിതാരാം ജനറലേറ്റിൽ നടന്ന 15-ാമത് ജനറൽ സിനാക്സിസിൽ സിസ്റ്റർ വന്ദന ജോസ് നിരപ്പേൽ, സിസ്റ്റർ ജിസ്മ ആയിത്തമറ്റത്തിൽ, സിസ്റ്റർ ജൂഡിറ്റ് പുത്തൻപറമ്പിൽ, സിസ്റ്റർ ജോസിറ്റ കുഴുപ്പള്ളി എന്നിവർ കൗൺസിലേഴ്സായും സിസ്റ്റർ ശോഭിത സെക്രട്ടറി ജനറലായും സിസ്റ്റർ ജോസിറ്റ കുഴുപ്പള്ളി പ്രൊക്യുറേറ്റർ ജനറലായും തെരഞ്ഞെടുക്കപ്പെട്ടു.

## സിസ്റ്റർ ഡോ. റൂബി തെരേസ് സെന്റ് മറിയം ത്രേസ്യ പ്രോവിൻസിന്റെ പ്രഥമ പ്രൊവിൻഷ്യൽ

CHF CONGREGATION



തൃശൂർ: ഹോളി ഫാമിലി സന്യാസിനീ സമൂഹത്തിൻറെ പുതുതായി രൂപംകൊണ്ട ആഫ്രിക്കയിലെ സെൻറ് മറിയം ത്രേസ്യ പ്രോവിൻസിൻറെ പ്രഥമ പ്രൊവിൻഷ്യലായി സിസ്റ്റർ ഡോ. റൂബി തെരേസിനെ തെരഞ്ഞെടുത്തു. സിസ്റ്റർ ഡോ. രശ്മിയാണു വികാർ പ്രൊവിൻഷ്യൽ. സിസ്റ്റർ ഡോ. ഫിൽസി മരിയ, സിസ്റ്റർ പ്രീതി, സിസ്റ്റർ നീന എന്നിവർ കൗൺസിലേഴ്സും സിസ്റ്റർ റോസ്‌ലിൻ പോൾ ഓഡിറ്ററുമാണ്.

## സി. ജീസ് ജോസഫ് പ്രസന്റേഷൻ സഭയുടെ പ്രൊവിൻഷ്യൽ സുപ്പീരിയർ

DPMT CONGREGATION



കോഴിക്കോട്: 1833 ഏപ്രിൽ 7ന് ഇറ്റലിയിലെ കോമോ എന്ന പട്ടണത്തിൽ ഫ്രാൻസിസ്ക ബുത്തി, മരിയ റോസി എന്നീ യുവസുഹൃത്തുക്കളാൽ സ്ഥാപിതമായ പ്രസന്റേഷൻ സഭ 1968ൽ ഭാരതത്തിൽ പ്രവർത്തനം ആരംഭിച്ചു. വിദ്യാഭ്യാസം, ഇടവകപ്രവർത്തനം, ആതുരശുശ്രൂഷ, സ്ത്രീശാക്തീകരണം, ശാരീരികവൈകല്യമുള്ള കുട്ടികൾക്കായുള്ള സ്ഥാപനങ്ങൾ, തൊഴിൽപരിശീലന പരിപാടികൾ, മറ്റു സാമൂഹികക്ഷേമ പ്രവർത്തനങ്ങൾ എന്നീ മേഖലകളിൽ ശുശ്രൂഷ ചെയ്യുന്നവരാണ് പ്രസന്റേഷൻ സിസ്റ്റേഴ്സ്. കോഴിക്കോടടുത്ത ചേവായൂർ ആസ്ഥാനമായുള്ള സെൻറ് മേരീസ് പ്രൊവിൻസ് സീറോമലബാർസഭയുടെ ഭാഗമായി പ്രവർത്തനങ്ങൾ നടത്തുന്നു.

2023 മാർച്ച് 25 മംഗളവാർത്ത തിരുനാൾ ദിനത്തിൽ സെന്റ് മേരീസ് പ്രോവിൻസിൻറെ പുതിയ സാരഥിയായി തലശ്ശേരി അതിരൂപതയിലെ എടത്തൊട്ടി സെന്റ് വിൻസെന്റ്സ് ഇടവകാംഗമായ സി. ജീസ് ജോസഫ് വെട്ടുകല്ലാംകുഴിയിൽ നിയമിതയായി. കൗൺസിലർമാരായി സി. ലിസ പുല്ലാട്ട് (Finance), സി. സാലി സ്കറിയ തോണിക്കുഴിയിൽ (Education & Social Ministry), സി. സുമ മൂത്തേടത്ത് (formation), സി. ലീന കുന്നത്ത് (Pastrol and Health ministry) എന്നിവരും ചുമതലയേറ്റെടുത്തു.

## സിഎംഐ സ്ഥാപകദിനം ആഘോഷിച്ചു

CMI CONGREGATION



മാന്നാനം: സിഎംഐ സഭയുടെ 192ാമത് സ്ഥാപക ദിനാഘോഷം മാന്നാനം സെൻറ് ജോസഫ്സ് ആശ്രമ ദേവാലയത്തിൽ നടത്തി. സിഎംഐ സഭ പ്രിയോർ ജനറാൾ ഫാ. തോമസ് ചാത്തംപറമ്പിലിൻറെ നേതൃത്വത്തിൽ ജനറൽ കൗൺസിലേഴ്സും പ്രൊവിൻഷ്യൽമാരും വൈദികരും ചേർന്നു വിശുദ്ധ കുർബാനയർപ്പിച്ചു. സേക്രഡ് ഹാർട്ട് പ്രോവിൻസ് പ്രൊവിൻഷ്യൽ ഫാ. ബെന്നി നൽക്കര സിഎംഐ സന്ദേശം നല്കി. അടുത്ത വർഷം സമൂഹജീവിത സാക്ഷ്യപ്പെടുത്തലിൻറെ വർഷമായി പ്രഖ്യാപിച്ചു. ഈ അനുസ്മരണത്തിൻറെ പ്രതീകമായി 15 പ്രോവിൻസ് പ്രൊവിൻഷ്യൽമാർക്ക് പ്രിയോർ ജനറാൾ ഫാ. തോമസ് ചാത്തംപറമ്പിൽ കത്തിച്ച തിരി നല്കി. തുടർന്നു കത്തിച്ച തിരികളുമായി വിശുദ്ധ ചാവറയച്ചൻറെ കബറിടത്തിൽ പ്രാർഥനയും നടത്തി.

## ധന്യൻ കദളിക്കാട്ടിൽ അച്ചൻ ആത്മീയതയുടെ ശക്തി തിരിച്ചറിഞ്ഞ അജപാലകൻ: മാർ തറയിൽ

SH CONGREGATION



പാലാ: ഈശോയുടെ തിരുഹൃദയത്തിന്റെ കരുണാർദ്രസ്നേഹം മനുഷ്യഹൃദയങ്ങളിലേയ്ക്ക് പകർന്നു നൽകിയ ദിവ്യകാരുണ്യഭക്തനായ ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചൻ ആത്മീയതയുടെ ശക്തി തിരിച്ചറിഞ്ഞ അജപാലകനായിരുന്നുവെന്ന് ചങ്ങനാശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ. ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചൻറെ 88ാം ചരമവാർഷികത്തോടനുബന്ധിച്ച് പാലാ എസ് എച്ച് പ്രൊവിൻഷ്യൽ ഹൗസ് കപ്പേളയിൽ നടന്ന സമൂഹബലിയിൽ മുഖ്യകാർമികത്വം വഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സമൂഹബലിയിൽ ഫാ. ജയിംസ് നരിതൂക്കിൽ സിഎംഐ, ഫാ. മാത്യു പന്തലാനിക്കൽ, ഫാ. മാത്യു കദളിക്കാട്ടിൽ, ഫാ. ടിൻസൺ നരിതൂരുത്തേൽ എന്നിവർ സഹകാർമ്മികരായിരുന്നു.




# കൂട്ടായ്മയുടെ ആഘോഷമായി കാഞ്ഞിരപ്പള്ളി രൂപതാദിനം

കാഞ്ഞിരപ്പള്ളി രൂപത

കുമളി: കുമളി ഫൊറോന പള്ളി അങ്കണത്തിൽ നടത്തപ്പെട്ട കാഞ്ഞിരപ്പള്ളി രൂപതയുടെ നാൽപത്തിയാറാം രൂപതാ ദിനം കൂട്ടായ്മയുടെ ആഘോഷമായി. രാവിലെ 9.30 ന് രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കലിന്റെ കാർമികത്വത്തിൽ അർപ്പിക്കപ്പെട്ട പരിശുദ്ധ കുർബാനയിൽ രൂപതയിലെ ദൈവജനത്തെ പ്രതിനിധീകരിച്ചെത്തിയ വൈദികരും സന്യസ്തരുമുൾപ്പെടുന്ന വിശ്വാസിഗണം പങ്കുചേർന്നു. രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കലിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ട പ്രതിനിധിസമ്മേളനത്തിൽ തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി മുഖ്യപ്രഭാഷണം നടത്തി.



ദൈവിക കൂട്ടായ്മയുടെ തുടർച്ചയായ തിരുസഭയുടെ കൂട്ടായ്മയിലുള്ള കൗദാശിക ജീവിതത്തിലൂടെയാണ് ക്രൈസ്തവ ജീവിതം അ ർ ത്ഥ പൂ ർ ണ മാ കു ന്ന തെ ന്ന് മാർ ജോസ് പുളിക്കൽ അധ്യക്ഷ പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. ദൈവിക പദ്ധതിയായ സഭയുടെ സാന്നിധ്യം സമൂഹത്തിൽ പ്രകാശം പരത്തുന്നതാണെന്നും അതിന്റെ ശോഭയെ കെടുത്തുവാൻ ആഗ്രഹിക്കുന്നവരുടെ പ്രവർത്തികളിൽ ജാഗ്രതയുള്ളവരായിരിക്കണമെന്നും മാർ ജോസഫ് പാംപ്ലാനി പ്രഭാഷണമദ്ധ്യേ അനുസ്മരിപ്പിച്ചു.

അടുത്ത രൂപതാദിനത്തിൽ സമാപിക്കത്തക്ക വിധത്തിൽ കാഞ്ഞിരപ്പള്ളി രൂപതയിൽ കുടുംബ വർഷമായി മാർ ജോസ് പുളിക്കൽ പ്രഖ്യാപിച്ചു. ലഹരി വിമോചന സമഗ്ര പദ്ധതിയായ സജീവം, അടുത്തവർഷത്തെ രൂപതാദിനവേദി എന്നിവ മാർ ജോസ് പുളിക്കൽ പ്രഖ്യാപിക്കുകയും അടുത്ത രൂപതാദിന വേദിയായ എരുമേലി ഫൊറോനയ്ക്ക് ജൂബിലിതിരി കൈമാറുകയും ചെയ്തു. രൂപത ജൂബിലി ആന്തം, എംബ്ലം മത്സരത്തിൽ വിജയികളായവർക്ക് രൂപത വികാരി ജനറൽ ഫാ. കുര്യൻ താമരശ്ശേരി ആശംസകളർപ്പിച്ചു.

രൂപതാ വികാരി ജനറൽ ഫാ. ജോസഫ് വെള്ളമറ്റം സ്വാഗതം ആശംസിച്ച പ്രതിനിധി സമ്മേളനത്തിൽ ഫാ. തോമസ് പൂവത്താനിക്കുന്നേൽ, സി. നിർമല കുര്യാക്കോസ്, ഫാ. സെബാസ്റ്റ്യൻ പെരുനിലം, സി. ട്രീസ കണ്ടത്തിൽ, ഡോ. ജൂബി മാത്യു എന്നിവർ പ്രസംഗിച്ചു.

## 'ഇടവക സഭാനവീകരണത്തിന്റെ പ്രഭവകേന്ദ്രം' പുസ്തകം പ്രകാശനം ചെയ്തു

കോട്ടയം അതിരൂപത



കോട്ടയം: കോട്ടയം അതിരൂപതയിലെ സീനിയർ വൈദികനായ റവ. ഡോ. സിറിയക് പടപുരയ്ക്കൽ രചിച്ച 'ഇടവക സഭാനവീകരണത്തിന്റെ പ്രഭവകേന്ദ്രം' എന്ന പുസ്തകം പ്രകാശനം ചെയ്തു. കോട്ടയം ബിഷപ്സ് ഹൗസ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ അതിരൂപതാ സഹായ മെത്രാൻ ഗീവർഗീസ് മാർ അപ്രേം, കോട്ടയം അതിരൂപതാ വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ടിന് ആദ്യപ്രതി നൽകിക്കൊണ്ട് പ്രകാശന കർമ്മം നിർവ്വഹിച്ചു. ഫാ. സിറിയക് പടപുരയ്ക്കൽ പുസ്തകം പരിചയപ്പെടുത്തി. ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഫാ. ജോയി കറുകപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു. സഭാനവീകരണത്തിന്റെ ഈറ്റില്ലം എന്നു വിശേഷിപ്പക്കപ്പെടുന്ന ഇടവകകളിൽ വിവിധ ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്ന വൈദികർക്കും സമർപ്പിതർക്കും അല്മായ പ്രേഷിതർക്കും അറിവു നൽകുന്ന നല്ല പഠനഗ്രന്ഥമാണ് ഈ പുസ്തകം. കെ.സി.ബി.സി സഭാനവീകരണകാലഘട്ടമായി ആചരിക്കുന്ന പശ്ചാത്തലത്തിലാണ് ഇടവക, സഭാ നവീകരണത്തിനുതകുന്ന പ്രായോഗികനിർദ്ദേശങ്ങൾ ഉൾച്ചേർത്തുള്ള ഈ പുസ്തകം രചിക്കപ്പെട്ടിട്ടുള്ളത്.

## ജിജിഎം മിഷൻ കോൺഗ്രസ്

തൃശൂർ അതിരൂപത



തൃശൂർ : ഫിയാത്ത് മിഷൻ തൃശൂർ ജെറുസലേം ധ്യാന കേന്ദ്രത്തിൽ നാലാമത് ജിജിഎം മിഷൻ ഫിയാത്ത് കോൺഗ്രസ് സംഘടിപ്പിച്ചു. സീറോമലബാർസഭ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരിയും മറ്റു ബിഷപ്പുമാരും ദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്തു. തുടർന്ന് നടന്ന ദിവ്യബലിയിൽ കർദ്ദിനാൾ മുഖ്യകാർമികത്വം വഹിച്ചു.

ബിഷപ് മാർ ടോണി നീലങ്കാവിൽ, ആർച്ച്ബിഷപ് ഡോ ജോൺ മൂലേച്ചിറ, ബിഷപ് മാർ റാഫേൽ തട്ടിൽ, ബിഷപ് ചാക്കോ തോട്ടുമാരിക്കൽ എന്നിവർ ദിവ്യബലിയിൽ സഹകാർമികത്വം വഹിച്ചു. കേരളത്തിലെ ക്രിസ്ത്യൻ സഭയുടെ തൊട്ടിലാണ് തൃശൂർ അതിരൂപതയെന്ന് അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ മിഷൻ കോൺഗ്രസിലേക്ക് വിശ്വാസിസമൂഹത്തെ സ്വാഗതം ചെയ്ത് കൊണ്ട് പറഞ്ഞു. ദിവ്യബലിയ്ക്ക് ശേഷം കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി മിഷൻ എക്സിബിഷൻ ഉദ്ഘാടനം ചെയ്തു.




## ഫാ. പോളി കണ്ണമ്പുഴ ദിവ്യരക്ഷക സഭ പ്രൊവിൻഷ്യൽ സുപ്പീരിയർ

REDEMPTORISTS CONGREGATION



കൊച്ചി: ദിവ്യരക്ഷക സഭയുടെ (സിഎസ്എസ്ആർ) ലിഗോരി പ്രോവിൻസിൻറെ പ്രൊവിൻഷ്യൽ സുപ്പീരിയറായി ഫാ. പോളി കണ്ണമ്പുഴയെ തെരഞ്ഞെടുത്തു. കോട്ടയം വടവാതൂർ ആർആർസി ധ്യാന കേന്ദ്രത്തിൽ നടന്ന നാലാമത് പ്രൊവിൻഷ്യൽ ചാപ്റ്ററിലായിരുന്നു തെരഞ്ഞെടുപ്പ്. കൗൺസിലർമാരായി ഫാ. ഷിജു മുല്ലശേരി, ഫാ. ഷിജോ മേപ്പിള്ളി, ഫാ. ജിയോ നമ്പൂടകത്ത്, ഫാ. ബിജോ മേപ്രത്ത് എന്നിവരെയും തെരഞ്ഞടുത്തു. സഭയുടെ ആസ്ഥാന കാര്യാലയത്തിൽ സ്വീകരണം നൽകി.

## ഫാ. ജെയ്സൺ കാളൻ കപ്പൂച്ചിൻ പ്രൊവിൻഷ്യൽ

OFM Cap. CONGREGATION



ആലുവ: കപ്പൂച്ചിൻ സഭയുടെ ആലുവ ആസ്ഥാനമായുള്ള സെൻറ് തോമസ് പ്രൊവിൻസിൻറെ മിനിസ്റ്റർ പ്രൊവിൻഷ്യലായി ഫാ. ജെയ്സൺ കാളൻ തെരഞ്ഞെടുക്കപ്പെട്ടു. അസിസ്റ്റൻറ് മിനിസ്റ്റർ പ്രൊവിൻഷ്യലായി ഫാ. ലോട്ടസ് പോൾ മലേക്കുടി, കൗൺസിൽ അംഗങ്ങളായി ഫാ. ഗ്രേഷ്യൻ ചിറ്റിലപ്പിള്ളി, ഫാ. ഡേവിഡ് ഫ്രാൻസിസ് പേരാമംഗലം, ഫാ. ഷാജു വടക്കൻ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. റോമിൽ നിന്നെത്തിയ ആഗോള കപ്പുച്ചിൻ സഭയുടെ മിനിസ്റ്റർ ജനറൽ ഫാ. റോബർട്ടോ ജനുവിൻറെ അധ്യക്ഷതയിൽ ആലുവയിൽ ചേർന്ന യോഗത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്.

## സെൻ്റ് ജോസഫ്സ് നഗർ കാരുണ്യസ്പർശം ഭവന പദ്ധതിയുടെ ആശീർവാദകർമ്മവും താക്കോൽ ദാനവും

SJC CONGREGATION



കുറുമുള്ളൂർ: നിർധനരായ അഞ്ചു കുടുംബങ്ങൾക്ക് 5 സെൻ്റ് സ്ഥലവും അതിൽ 650 സ്ക്വയർ ഫീറ്റ് ഉള്ള ഒരു വീടും നിർമ്മിച്ചു നൽകി സെൻ്റ് ജോസഫ്സ് സന്യാസിനി സമൂഹം. മറ്റുള്ളവർക്കായി സമ്പൂർണ്ണമായി സമർപ്പിച്ച് ദൈവീക പദ്ധതികളുടെ പൂർത്തീകരണത്തിനായി സ്വയം ശൂന്യമാക്കിയ വി. യൗസേപ്പിതാവിനെ അനുസ്മരിച്ചുകൊണ്ടും 'ഈ എളിയവരിൽ ഒരുവന് നിങ്ങൾ ചെയ്തു കൊടുത്തപ്പോൾ ഇത് എനിക്കു തന്നെയാണ് ചെയ്തുതന്നത്' എന്ന തിരുവചനം ഹൃദയത്തിൽ ഏറ്റുവാങ്ങിയ സെൻ്റ് ജോസഫ്സ് സന്യാസിനി സമൂഹത്തിൻ്റെ സ്ഥാപകപിതാവായ ദൈവദാസൻ തൊമ്മിയച്ചൻ്റെ സ്വപ്നസാക്ഷാത്കാരത്തിനുമായി നിർമ്മിക്കപ്പെട്ട ഈ ഭവനങ്ങൾ സമൂഹമദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിൻ്റെ മരണത്തിരുനാളിനോടനുബന്ധിച്ച് മാർച്ച് 18ന് കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് പിതാവ് അനുഗ്രഹിച്ച് ആശീർവ്വദിക്കുകയും സുപ്പീരിയർ ജനറൽ റവ. മദർ അനിത ഭവനങ്ങളുടെ താക്കോൽ ദാനം നടത്തുകയും ചെയ്തു.

## നിത്യവ്രതവാഗ്ദാനം നടത്തി



കോട്ടയം: കോട്ടയം അതിരൂപതയിൽ സ്ഥാപിതമായിരിക്കുന്ന സെൻ്റ് ജോസഫ്സ് സന്യാസിനി സമൂഹത്തിലെ ഏഴു ജൂനിയർ സിസ്റ്റേഴ്സിൻ്റെ (സി. സാന്ദ്ര സണ്ണി വിരിയപ്പിള്ളിൽ, സി. മെർലിൻ തോമസ് മാവേലിൽ, സി. സോണ പനങ്കാലായിൽ, സി. ലീനാ മരങ്ങാട്ടിൽ, സി. അനിറ്റ സണ്ണി ചുണ്ടക്കാലായിൽ, സി. അമൽ മരിയ കാഞ്ഞിരംപാറയിൽ, സി. അഖില സ്റ്റീഫൻ പന്തിരുപറയിൽ) നിത്യവ്രതവാഗ്ദാനം 2023 മെയ് 1ാം തിയതി രാവിലെ 10.30ന് തിരുഹൃദയക്കുന്ന് ആശ്രമദേവാലയത്തിൽ വെച്ചു കോട്ടയം അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവിൻ്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. വികാരി ജനറാൾ പെരിയ ബഹു. മൈക്കിൾ വെട്ടിക്കാട്ട് അച്ചൻ വചനസന്ദേശം നൽകി.

## എം.എസ്.ടി സമൂഹത്തിന് പുതിയ നേതൃത്വം

MST CONGREGATION



കാക്കനാട്: എം.എസ്.ടിയുടെ 11-ാമത് ജനറൽ അസംബ്ലിയിൽ പുതിയ ഡയറക്ടർ ജനറാളിനേയും ജനറൽ കൗൺസിലേഴ്സിനേയും തിരഞ്ഞെടുത്തു. റവ. ഡോ. വിൻസെൻറ് കദളിക്കാട്ടിൽപുത്തൻപുരയാണ് പുതിയ ഡയറക്ടർ ജനറാൾ. 5 വർഷമാണ് കാലാവധി. അസി. ജനറാൾ ആയി ഫാ. ജോസഫ് തെക്കേകരോട്ട്, ഫാ. ഐവാൻ മുത്തനാട്ട്, ഫാ. ജോമോൻ അയ്യങ്കനാൽ, ഫാ. ലോനപ്പൻ അരങ്ങാശ്ശേരി എന്നിവർ ജനറൽ കൗൺസിലർമാരായും ഫാ. സന്തോഷ് ഓലപ്പുരയ്ക്കൽ ട്രഷറർ ജനറാളായും തിരഞ്ഞെടുക്കപ്പെട്ടു. പുതിയ ഡയറക്ടർ ജനറലിനും കൗൺസിലേഴ്സിനും സഭയുടെ ആസ്ഥാന കാര്യാലയത്തിൽ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിൻ്റെ നേതൃത്വത്തിൽ സ്വീകരണം നൽകി.



# മാർ തൂങ്കുഴി ആത്മീയതയിലൂടെ മാനവ ഐക്യം ഉറപ്പിച്ച വ്യക്തിത്വം: കർദിനാൾ മാർ ആലഞ്ചേരി

തൃശൂർ അതിരൂപത

തൃശൂർ: മാനവ സമൂഹത്തിൻറെ ഐക്യം ആത്മീയതയിലാണെന്ന് തെളിയിക്കുന്നതാണ് മെത്രാഭിഷേക സുവർണ ജൂബിലിയാഘോഷിക്കുന്ന മാർ ജേക്കബ് തൂങ്കുഴിയുടെ ജീവിതമെന്ന് സീറോമലബാർസഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പറഞ്ഞു. ലൂർദ്ദ് കത്തീഡ്രൽ ഹാളിൽ മാർ തൂങ്കുഴിയുടെ മെത്രാഭിഷേക സുവർണജൂബിലിയാഘോഷവും തൃശ്ശൂർ അതിരൂപത ദിനവും ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു കർദിനാൾ. വ്യക്തിബന്ധങ്ങൾ ഹൃദയബന്ധങ്ങളാക്കി മാറ്റുന്നതിനുള്ള മാർ തൂങ്കുഴിയുടെ കഴിവ് അപാരമാണ്.

മൂന്നു രൂപതകളിൽ ശുശ്രൂഷ ചെയ്ത മെത്രാൻ എന്ന ഭാഗ്യം ഇപ്പോൾ ജീവിച്ചിരിക്കുന്നവരിൽ ആർക്കുമില്ല. മൂന്നു രൂപതകളിലും തന്റേതായ മുഖമുദ്ര പതിപ്പിക്കാൻ കഴിഞ്ഞുവെന്നതും ഭാഗ്യമാണ്. പുരോഹിതരോടുള്ള സ്നേഹവും വാത്സല്യവും നൽകി ഒരു വൈദിക സംസ്കാരത്തിനുതന്നെ രൂപം നൽകാൻ മാർ ജേക്കബ് തൂങ്കുഴിക്ക് കഴിഞ്ഞിട്ടുണ്ടെന്നും കർദിനാൾ പറഞ്ഞു.



ചടങ്ങിൽ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ചു. മാർ അപ്രേം മെത്രാപ്പോലീത്ത, ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ, യാക്കോബായ ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമിസ്, മാർ പീറ്റർ കൊച്ചുപുരയ്ക്കൽ, റായ്പൂർ ആർച്ച്ബിഷപ് ഡോ. ജോസഫ് അഗസ്റ്റിൻ, കോട്ടാർ ബിഷപ് ഡോ. പീറ്റർ റെമിജിയൂസ്, ബിജ്നോർ ബിഷപ് മാർ സെബാസ്റ്റ്യൻ വടക്കേൽ, ടി.എൻ. പ്രതാപൻ എംപി തുടങ്ങിയവർ ആശംസയർപ്പിച്ചു. മാർ ജേക്കബ് തൂങ്കുഴി മറുപടി പ്രസംഗം നടത്തി. സമൂഹത്തിൻറെ വിവിധ മേഖലകളിൽ നിന്നുള്ളവർ മാർ ജേക്കബ് തൂങ്കുഴിയെ പൊന്നാടയണിയിച്ചു. അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ സ്വാഗതവും മോൺ. ജോസ് കോനിക്കര നന്ദിയും പറഞ്ഞു.

## ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ് വന്യജീവി ആക്രമണത്തിനെതിരെ പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു

കോട്ടയം അതിരൂപത

ഇടുക്കി: കോട്ടയം അതിരൂപതയുടെ അൽമായ സംഘടനയായ ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ് അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ വന്യമൃഗശല്യത്തിനും കർഷക നീതിനിഷേധത്തിനുമെതിരെ തെള്ളിത്തോട് പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു. കാലഹരണപ്പെട്ട വനനിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുക, വന്യജീവികളെ കാടിനുള്ളിൽ തന്നെ സംരക്ഷിക്കുവാനുള്ള വിപുലമായ പദ്ധതികൾ സർക്കാർ നേതൃത്വത്തിൽ തയ്യാറാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു കെ.സി.സിയുടെ പ്രതിഷേധസംഗമം. കെ.സി.സി പടമുഖം ഫൊറോന പ്രസിഡന്റ് അഭിലാഷ് പതിയിലിന്റെ അധ്യക്ഷതയിൽ ചേർന്ന സംഗമം കോട്ടയം അതിരൂപതാ വികാരി ജനറാളും കെ.സി.സി ചാപ്ലെയിനുമായ ഫാ. മൈക്കിൾ വെട്ടിക്കാട്ട് ഉദ്ഘാടനം ചെയ്തു. കാർഷിക പ്രതിസന്ധി, പ്രകൃതിദുരന്തങ്ങൾ, വന്യമൃഗശല്യം തുടങ്ങിയ സങ്കീർണ്ണമായ പ്രശ്നങ്ങളാൽ ക്ലേശിക്കുന്ന ഹൈറേഞ്ചിലെ കർഷകർക്ക് പിന്തുണയും സഹായവും നൽകുവാൻ സർക്കാർ സംവിധാനങ്ങളുണ്ടാകണമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു.

കെ.സി.സി പ്രസിഡന്റ് പി എ ബാബു പറമ്പടത്തുമലയിൽ മുഖ്യപ്രഭാഷണം നടത്തി. കഴിഞ്ഞദിവസം കാട്ടുപോത്തിന്റെ ആക്രമണത്തിൽ മരിച്ചവരുടെയും പരിക്കേറ്റവരുടെയും കുടുംബങ്ങൾക്ക്




മതിയായ നഷ്ടപരിഹാരം നല്കണമെന്നു യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

പടമുഖം ഫൊറോന വികാരി ഫാ. ഷാജി പൂത്തറ, കെ.സി.സി രൂപതാ വൈസ്പ്രസിഡന്റ് ടോം കരികുളം, ട്രഷറർ ജോൺ തെരുവത്ത്, ജോയിന്റ് സെക്രട്ടറി എം.സി. കുര്യാക്കോസ്, എ.ഐ.സി.യു പ്രതിനിധി ബിനു ചെങ്ങളം, തെള്ളിത്തോട് വികാരി ഫാ. സൈജു പുത്തൻപറമ്പിൽ, റെജി കപ്ലങ്ങാട്ട്, കെ.സി.ഡബ്ല്യു.എ പടമുഖം ഫൊറോന പ്രസിഡന്റ് ലിസി കുര്യൻ, കെ.സി.വൈ.എൽ ഫൊറോന പ്രസിഡന്റ് സെബിൻ ചേത്തലിൽ, പാസ്റ്ററൽ കൗൺസിൽ പ്രതിനിധി ഷാജി കണ്ടച്ചാംകുന്നേൽ, കെ.സി.സി ഫൊറോന സെക്രട്ടറി ജോൺസൺ നാക്കോലിക്കരയിൽ എന്നിവർ പ്രസംഗിച്ചു. കെ.സി.സി പടമുഖം ഫൊറോന, യൂണിറ്റ് ഭാരവാഹികൾ സംഗമത്തിനു നേതൃത്വം നൽകി.

## രക്തസാക്ഷികളെ ആദരിക്കുന്നത് സഭയുടെ സംസ്കാരം: തലശേരി അതിരൂപത

തലശേരി അതിരൂപത

തലശേരി: രക്തസാക്ഷികളെ ആദരിക്കുന്ന സംസ്കാരമാണ് സഭയുടേതെന്ന് തലശേരി അതിരൂപത. കെസിവൈഎം സമ്മേളനത്തിൽ ആർച്ച്ബിഷപ് നടത്തിയ പ്രഭാഷണത്തെ ചില തത്പര കക്ഷികൾ ദുർവ്യാഖ്യാനം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്രിസ്തുവിൻറെ പന്ത്രണ്ട് അപ്പസ്തോലൻമാരെപ്പോലെ വിശ്വാസത്തിനുവേണ്ടി ധീരമായി നിലപാടെടുക്കണം എന്നതായിരുന്നു യുവജന സമ്മേളനത്തിൻറെ പ്രമേയം.

അപ്പസ്തോലന്മാരെപ്പോലെ ആദർശങ്ങൾക്കും മൂല്യങ്ങൾക്കും വേണ്ടി രക്തസാക്ഷിത്വം വരിക്കുന്നവരുണ്ട്. അപരൻറെ നന്മയെ ലക്ഷ്യമാക്കിയുള്ള ഇത്തരം രക്തസാക്ഷിത്വങ്ങൾ മൂല്യമുള്ളതാണ്. എന്നാൽ ചില രാഷ്ട്രീയ രക്തസാക്ഷികൾ നിക്ഷിപ്ത താത്പര്യങ്ങൾക്കു ബലിയാടായവരാണ്. അവരെ അനുകരിക്കരുത് എന്നാണ് ആർച്ച്ബിഷപ് ആഹ്വാനം ചെയ്തത്. കക്ഷിരാഷ്ട്രീയത്തിൻറെ സൂചന പോലുമില്ലാത്ത ഒരു പൊതുപ്രസ്താവനയെ അടിസ്ഥാനരഹിതമായി നിക്ഷിപ്ത താത്പര്യങ്ങളോടെ ദുർവ്യാഖ്യാനം ചെയ്യുന്നതിനെ അതിരൂപത അപലപിച്ചു. ഈ വിഷയത്തിൽ അനാവശ്യ വിവാദങ്ങൾ സൃഷ്ടിക്കുന്നവരുടെ നിക്ഷിപ്ത താത്പര്യങ്ങളെ പൊതുസമൂഹം തിരിച്ചറിയണമെന്നും അതിരൂപത പത്രക്കുറിപ്പിൽ അഭ്യർഥിച്ചു.



സ്വവർഗ വിവാഹ നിയമസാധുത

# സീറോമലബാർസഭ പ്രതികരണം അറിയിച്ചു

കാക്കനാട് : സ്വവർഗ വിവാഹം നിയമവിധേയമാക്കണം എന്ന ഹർജിയിൽ സുപ്രിം കോടതി കേന്ദ്ര സർക്കാരിന്റെ നിലപാട് അറിയക്കാൻ ആവശ്യപ്പെട്ട പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ പൊതുസമൂഹത്തിന്റെ പ്രതികരണങ്ങൾ ആരാഞ്ഞിട്ടുണ്ട്. ഇതുപ്രകാരം സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ, സഭയുടെ പ്രതികരണം രാഷ്ട്രപതിയെ ഔദ്യോഗികമായി അറിയിച്ചു.



ഭാരതീയ സംസ്കാരത്തിൽ വിവാഹം എതിർലിംഗത്തിലുള്ള രണ്ടു വ്യക്തികൾ തമ്മിലുള്ള ബന്ധമാണെന്നും കുടുംബമെന്നത് ജൈവശാസ്ത്രപരമായ ഒരു പുരുഷനും ജൈവശാസത്രപരമായ ഒരു സ്ത്രീയും അവർക്കു ജനിക്കുന്ന കുട്ടികളും ഉൾക്കൊള്ളുന്നതാണെന്നുമുള്ള എതിർസത്യവാങ്മൂലം സുപ്രിം കോടതിയിൽ നൽകിയ കേന്ദ്രസർക്കാർ നിലപാടിനെ സഭ ശ്ലാഘിക്കുന്നു. തിരുവചനത്തെയും പാരമ്പര്യത്തെയും സഭാപ്രബോധനങ്ങളെയും മുറുകെപിടിക്കുന്ന സഭ ഇതേ ധാർമിക കാഴ്ചപ്പാടുതന്നെ പുലർത്തുകയും സ്വവർഗവിവാഹത്തിന് നിയമ പരിരക്ഷ നൽകാനുള്ള ഉദ്യമങ്ങളെ എതിർക്കുകയും ചെയ്യുന്നു. കാരണം സ്വവർഗവവാഹങ്ങൾ കുട്ടികൾക്ക് ദാമ്പത്യബന്ധത്തിനുള്ളിൽ ജനിക്കാനും വളരാനുമുള്ള അവകാശത്തിന്റെ ലംഘനമാണ്; സ്ത്രീയും പുരുഷനുമായി രൂപീകരിക്കപ്പെട്ട മനുഷ്യപ്രകൃതിയോടുള്ള നിഷേധമാണ്; കുടുംബ സംവിധാനത്തോടും സമൂഹത്തോടും ചെയ്യുന്ന അനീതിയാണ്. സ്വവർഗവിവാഹം നിയമവിധേയമാക്കുന്നത് കുട്ടികളോടുള്ള ആകർഷണം, മൃഗങ്ങളോടുള്ള ആകർഷണം, രക്തബന്ധുക്കൾ തമ്മിലുള്ള ആകർഷണം എന്നിങ്ങനെയുള്ള ലൈംഗിക അപഭ്രംശങ്ങൾ നിയമവിധേയമാക്കാനുള്ള മുറവിളികൾ ഉയരുന്നതിന് കാരണമാകാം. അതിനാൽ അത് അനുവദിക്കപ്പെടാൻ പാടില്ല. എന്നാൽ ലൈംഗികതയുടെ തലത്തിൽ മാനസികവും ശാരീരികവുമായ വ്യതിയാനങ്ങളുള്ളവരെ സഭ കരുണയോടെ കാണുന്നു, അവർക്കെതിരായ വിവേചനങ്ങളെ എതിർക്കുകയും ചെയ്യുന്നു. അതേസമയം വിവാഹം സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധമാണ് എന്ന നിലപാട് സഭ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു എന്ന് പ്രതികരണത്തിൽ അറിയിച്ചു.

## ഫാ. ഫിലിപ്പ് കവിയിൽ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി ഡയറക്ടർ



കൊച്ചി: കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ പുതിയ ഡയറക്ടറായി തലശേരി അതിരൂപതാംഗമായ റവ. ഡോ. ഫിലിപ്പ് കവിയിൽ നിയമിതനായി. ചന്ദനക്കാംപാറ ഇടവകാംഗമായ അദ്ദേഹം കത്തോലിക്ക കോൺഗ്രസ് അതിരൂപത ഡയറക്ടർ, പാസ്റ്ററൽ കോഓർഡിനേറ്റർ, സന്ദേശഭവൻ പാസ്റ്ററൽ സെന്റർ ഡയറക്ടർ, ആർക്കി എപ്പാർക്കിയൽ കൺസൽട്ടർ എന്നീ നിലകളിലും സേവനം ചെയ്യുന്നുണ്ട്. 1997ൽ പൗരോഹിത്യം സ്വീകരിച്ച ഫാ. കവിയിൽ ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ബിടിഎച്ച്, ബംഗളൂരു സെന്റ് പീറ്റേഴ്സ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും എംടിഎച്ച്, ഓസ്ട്രിയ ഇൻസ്ബ്രൂക്ക് യൂണിവേഴ്സിറ്റിയിൽനിന്നും ഡോക്ടറേറ്റ് എന്നിവ നേടിയിട്ടുണ്ട്. കവിയിൽ ചാക്കോ-ത്രേസ്യാമ്മ ദമ്പതികളുടെ മകനാണ്.

## ഗ്ലോബൽ യൂത്ത് കൗൺസിലിന് പുതിയ നേതൃത്വം



കൊച്ചി: കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ യുവജന വിഭാഗമായ ഗ്ലോബൽ യൂത്ത് കൗൺസിലിന് പുതിയ നേതൃത്വം. ഗ്ലോബൽ പ്രതിനിധി സമ്മേളനത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ യൂത്ത് കൗൺസിൽ ഗ്ലോബൽ ജനറൽ കോ-ഓർഡിനേറ്ററായി സിജോ ഇലന്തൂർ (ഇടുക്കി), കോ-ഓർഡിനേറ്റർമാരായി ജോയിസ് മേരി ആൻറണി (കോതമംഗലം), അനൂപ് പുന്നപ്പുഴ (തൃശൂർ), ജോമോൻ മതിലകത്ത് (താമരശേരി), ഷിജോ മാത്യു ഇടയാടിയിൽ (ചങ്ങനാശേരി) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

ട്രീസ ലിസ് സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. അഡ്വ. ബിജു പറയന്നിലം, രാജീവ് ജോസഫ്, ബെന്നി ആൻറണി, ബിനു ഡോമിനിക്, ജോമോൻ വെള്ളാപ്പള്ളി എന്നിവർ നേതൃത്വം നൽകി.

# ബസിലിക്ക തുറക്കാൻ എല്ലാവരും സഹകരിക്കണം: ആർച്ച്ബിഷപ്പ് ആൻഡ്രൂസ് താഴത്ത്

കൊച്ചി: എറണാകുളം കത്തീഡ്രൽ ബസിലിക്ക അടച്ചുപൂട്ടിയത് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആണെന്നുള്ള പ്രചാരണം തികച്ചും തെറ്റാണെന്ന് മാർ ആൻഡ്രൂസ് താഴത്ത്.

ബസിലിക്ക വികാരിയമായുള്ള മുൻ ധാരണ പ്രകാരം 2022 നവംബർ 27ന് പരിശുദ്ധ കുർബാന അർപ്പിക്കാൻ അപ്പസ്റ്റോലിക്ക് അഡ്മിനിസ്ട്രേറർ ചെന്നപ്പോൾ, ഗേറ്റ് പൂട്ടി തടഞ്ഞതിനെ തുടർന്നുണ്ടായ തർക്കത്തെ തുടർന്ന് പോലീസ് ബസിലിക്ക അടച്ചെങ്കിലും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുടെ അപേക്ഷപ്രകാരം ബസിലിക്ക തുറക്കാൻ അനുവദിച്ചു. എന്നാൽ തുറന്ന ഉടനെ സഭാധികാരികളുടെ തീരുമാനത്തിന് വിരുദ്ധമായി നിയമാനുസൃതം അല്ലാത്ത കുർബാനകൾ ബസിലിക്കയിൽ തുടർച്ചയായി അർപ്പിക്കുകയും ചില വിശ്വാസികൾ അൾത്താരയിൽ കയറി അത് തടസ്സപ്പെടുത്തുകയും ചെയ്തു. തുടർന്നുണ്ടായ ബഹളത്തിന്റെ പശ്ചാത്തലത്തിലാണ് വീണ്ടും ബസിലിക്ക അടച്ചിടുവാൻ കാരണമായത്. ബസിലിക്ക അടച്ചിടാൻ ഉണ്ടായ ഈ തീരുമാനം അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ അറിയുന്നത് പിന്നീടാണ്. സിനഡ് അംഗീകരിച്ച ഏകീകൃത കുർബാന അർപ്പണരീതി മാത്രമേ ബസിലിക്കയിൽ അനുവദനീയമായിട്ടുള്ളൂ. മറിച്ച് പൂർണ്ണ ജനാഭിമുഖ കുർബാന ചൊല്ലുകയാണെങ്കിൽ അത് സഭാനിയമങ്ങൾക്ക് വിരുദ്ധമാണ്.

ഈ സാഹചര്യത്തിൽ 2023 ഏപ്രിൽ മാസത്തിൽ ബസിലിക്ക കുടുംബ അംഗങ്ങൾക്ക് എഴുതിയതുപോലെ ബസിലിക്ക തുറന്ന് സഭ അനുശാസിക്കുന്ന രീതിയിൽ വിശുദ്ധ കുർബാന അർപ്പിക്കുവാൻ സഹകരിക്കണമെന്ന് ബന്ധപ്പെട്ട എല്ലാവരോടും ആഹ്വാനം ചെയ്യുന്നതായും സഭാ കൂട്ടായ്മയെ നശിപ്പിക്കുന്ന തെറ്റായ പ്രചാരണങ്ങളിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നും ഒഴിഞ്ഞുനിൽക്കുവാൻ എല്ലാ വിശ്വാസികളോടും വിനീതമായി അപേക്ഷിക്കുന്നുവെന്നും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ പ്രസ്താവനയിലൂടെ അറിയിച്ചു.

## താനൂർ ദുരന്തം അതീവ വേദനാജനകം: കർദിനാൾ മാർ ആലഞ്ചേരി

കാക്കനാട്: മലപ്പുറം ജില്ലയിലെ താനൂരിൽ ഉല്ലാസ ബോട്ടപകടത്തിൽ 22 പേർ മരിക്കാനിടയായത് അതീവ വേദനാജനകമാണെന്ന് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. മരണമടഞ്ഞവരുടെ ആത്മാക്കൾ ദൈവസന്നിധിയിൽ സ്വീകരിക്കപ്പെടട്ടെ എന്നു പ്രാർഥിക്കുന്നതിനോടൊപ്പം പ്രിയപ്പെട്ടവരുടെ മരണത്തിൽ ദുഃഖാർഥരായ കുടുംബങ്ങളുടെ വേദനയിൽ കർദിനാൾ പങ്കുചേരുകയും അനുശോചനം അറിയിക്കുകയും ചെയ്തു. സമാനമായ ദുരന്തങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാനുള്ള മുൻകരുതലുകൾ സംസ്ഥാനത്തുടനീളം സ്വീകരിക്കാൻ സർക്കാരും ഉദ്യോഗസ്ഥരും ആവശ്യമായ നടപടികളെടുക്കണമെന്നും കർദിനാൾ ആവശ്യപ്പെട്ടു.

## സജീവം ഏകദിന ശില്പശാല നടത്തി

കൊച്ചി : കാരിത്താസ് ഇന്ത്യയും കേരള സോഷ്യൽ സർവ്വീസ് ഫോറവും ചേർന്ന് കേരളത്തിൽ നടപ്പാക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയിന്റെ റിവ്യൂ മീറ്റിഗും ഏകദിന പഠന ശില്പശാലയും പാലാരിവട്ടം പി.ഒ.സി.യിൽ കാരിത്താസ് ഇന്ത്യയുടെ ഡയറക്ടർ റവ. ഫാ. പോൾ മൂഞ്ഞേലി ഉദ്ഘാടനം ചെയ്തു. കേരള സോഷ്യൽ സർവ്വീസ് ഫോറം സെക്രട്ടറി ഫാ ജേക്കബ് മാവുങ്കൽ ചടങ്ങിൽ അധ്യക്ഷതവഹിച്ചു. കാരിത്താസ് ഇന്ത്യ അസി. ഡയറക്ടർ റവ.ഡോ. ജോളി പുത്തൻപുര, കെ.സി.ബി.സി ടെമ്പറൻസ് കമ്മീഷൻ സെക്രട്ടറി ഫാ. ജോൺ അരീക്കൽ, സജീവം പദ്ധതി സംസ്ഥാന കോ-ഓർഡിനേറ്റർ ആൽബിൻ ജോസ്, സംസ്ഥാന പ്രോഗ്രാം ഓഫീസർ അബീഷ് ആന്റണി എന്നിവർ പ്രസംഗിച്ചു.

കേരള സഭയുടെ നേതൃത്വത്തിൽ 32 രൂപതകളിൽ ലഹരിക്കെതിരെ നടപ്പാക്കുന്ന പദ്ധതിയാണ് സജീവം. 32 രൂപതകളിൽ നിന്നുള്ള ഡയറക്ടർമാരും കോ-ഓർഡിനേറ്റർമാരും ഏകദിന ശില്പശാലയിൽ പങ്കെടുത്തു.

## സീറോമലബാർസഭയുടെ യാമപ്രാർത്ഥനകൾ രണ്ടാം വാല്യം പ്രകാശനം ചെയ്തു



കാക്കനാട്: സീറോമലബാർസഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ വെച്ച് സഭയുടെ തലവനും പിതാവുമായ കർദിനാൾ മാർ ജോർജ് ആലഞ്ചേരി യാമപ്രാർത്ഥനകളുടെ രണ്ടാം വാല്യം CMI സന്ന്യാസസഭയുടെ പ്രിയോർ ജനറൽ തോമസ് ചാത്തംപറമ്പിൽ അച്ചന് നൽകികൊണ്ട് പ്രകാശനം ചെയ്തു. രണ്ടാം വാല്യത്തിൽ പൊതുക്രമത്തോടൊപ്പം ആരാധനാക്രമത്തിലെ ശ്ലീഹാക്കാലം മുതൽ പള്ളിക്കൂദാശക്കാലം വരെയുള്ള പ്രാർത്ഥനകളും ഗീതങ്ങളും ഉൾകൊള്ളുന്നു. സീറോമലബാർസഭയുടെ സമ്പന്നമായ സഭാകേന്ദ്രീകൃത പ്രാർത്ഥനാപൈതൃകം രണ്ടാം വാല്യം പ്രതിഫലിപ്പിക്കുന്നു. പന്തക്കുസ്താ തിരുനാൾ മുതൽ ഈ വാല്യത്തിലെ പ്രാർത്ഥനകൾ ആരംഭിക്കും.



പ്രകാശനകർമ്മത്തിൽ കൂരിയ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ, ലിറ്റർജി കമ്മീഷൻ മുൻ സെക്രട്ടറി റവ. ഡോ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ, ലിറ്റർജി കമ്മീഷൻ സെക്രട്ടറി റവ. ഡോ. ജിഫി മേക്കാട്ടുകുളം, കൂരിയായിൽ ശുശ്രൂഷ ചെയ്യുന്ന മറ്റു വൈദികർ, സന്ന്യസ്തർ എന്നിവരും സന്നിഹിതരായിരുന്നു.

## സീറോമലബാർ മതബോധന ഡയറക്ടേഴ്സ് മീറ്റിംഗ്



കാക്കനാട്: സീറോമലബാർ മതബോധന കമ്മീഷന്റെ നേതൃത്വത്തിൽ സഭാകേന്ദ്രമായ മൗണ്ട് സെന്റ് തോമസിൽ വിവിധ രൂപതകളിലെ മതബോധന ഡയറക്ടേഴ്സിനെ പങ്കെടുപ്പിച്ചുകൊണ്ട് മീറ്റിംഗ് സംഘടിപ്പിച്ചു. 2023 മെയ് 30ാം തിയതി മതബോധന കമ്മീഷൻ ചെയർമാൻ മാർ ജോസ് പുളിക്കൽ പിതാവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കമ്മീഷൻ സെക്രട്ടറി ഫാ. തോമസ് മേൽവെട്ടത്ത് സ്വാഗതം ആശംസിച്ചു. വിശ്വാസപരിശീലന മേഖലയിൽ നേതൃത്വം കൊടുക്കുന്നവരേയും അവരുടെ എല്ലാ പ്രവർത്തനങ്ങളെയും അഭിവന്ദ്യ പുളിക്കൽ പിതാവ് അഭിനന്ദിക്കുകയും മാറിയ Methodology അനുസരിച്ച് വിശ്വാസപരിശീലനത്തെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയണമെന്ന് ഓർമിപ്പിക്കുകയും ചെയ്തു. സഭാമക്കൾ നേരിടുന്ന വിശ്വാസ വെല്ലുവിളികൾ അർഹിക്കുന്ന പ്രാധാന്യത്തോടെ വിലയിരുത്തപ്പെടണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കമ്മീഷൻ മെമ്പറായ മാർ ജോസഫ് അരുമച്ചാടത്ത് പിതാവ് വിശ്വാസപരിശീലനത്തിന്റെ ആവശ്യകതയെയും പ്രാധാന്യത്തെയും കുറിച്ച് സംസാരിക്കുകയും എല്ലാ ഡയറക്ടേഴ്സ് അച്ചന്മാർക്കും ആശംസകൾ അർപ്പിക്കുകയും ചെയ്തു. ജഗദൽപൂർ രൂപതാ ഡയറക്ടർ റവ. ഫാ. ജിൻസ് മഠത്തിപ്പറമ്പിൽ നന്ദിയർപ്പിച്ചു. കമ്മീഷൻ മെമ്പറായ മാർ ജോസഫ് അരുമച്ചാടത്ത്, സെക്രട്ടറി ഫാ. തോമസ് മേൽവെട്ടത്ത്, മിഷൻ ഓഫീസ് സെക്രട്ടറി റവ. ഫാ. സിജു അഴകത്ത്, വിവിധ രൂപതകളിൽ നിന്നുള്ള 21 മതബോധന ഡയറക്ടേഴ്സ്, ഓഫീസ് സെക്രട്ടറി സി. ജിൻസി ചാക്കോ എം.എസ്.എം.ഐ എന്നിവരും സന്നിഹിതരായിരുന്നു.

## വിശ്വാസപരിശീലന പ്രതിഭാസംഗമം



കാക്കനാട്: സീറോമലബാർസഭ വിശ്വാസപരിശീലന കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഏഴാം ക്ലാസിലെ വിദ്യാർത്ഥികൾക്കായുള്ള പ്രതിഭാസംഗമം സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടത്തപ്പെട്ടു. 7ാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന വിദ്യാർഥികളിൽനിന്ന് ഇടവക-ഫൊറോന-രൂപതാതല തിരഞ്ഞെടുപ്പുകളിലൂടെ കണ്ടെത്തിയ 64 വിദ്യാർത്ഥികളാണ് പ്രതിഭാസംഗമത്തിൽ പങ്കെടുക്കുന്നത്. മെൽബൺ രൂപതയുടെ നിയുക്ത മെത്രാൻ അഭിവന്ദ്യ ജോൺ പനംതോട്ടത്തിൽ പിതാവ് ഉദ്ഘാടനം ചെയ്തു. വിശ്വാസപരിശീലനത്തിലൂടെ കുട്ടികൾ നേടുന്ന ബോധ്യങ്ങളും മൂല്യങ്ങളും സമന്വയിപ്പിച്ച് ക്രിസ്തീയ വീക്ഷണത്തിലൂടെ വളരുവാൻ പ്രതിഭാസംഗമം സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു. മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ ചാൻസലർ റവ. ഡോ. എബ്രഹാം കാവിൽപ്പുരയിടത്തിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഫിനാൻസ് ഓഫീസർ ഫാ. ജോസഫ് തോലാനിക്കൽ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. വിശ്വാസപരിശീലന കമ്മീഷൻ ചെയർമാൻ മാർ ജോസ് പുളിക്കൽ പിതാവ് അധ്യക്ഷത വഹിച്ച സമാപന ചടങ്ങിൽ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് പ്രതിഭകൾക്ക് അവാർഡുകൾ വിതരണം ചെയ്തു. സീറോമലബാർ വിശ്വാസപരിശീലന കമീഷൻ സെക്രട്ടറി റവ. ഡോ. തോമസ് മേൽവെട്ടത്ത്, ഫാ. മനു MST & ടീം, സി. ജിസ്‌ലെറ്റ് MSJ, സി. ജിൻസി ചാക്കോ MSMI, കുരിയാക്കോസ് എന്നിവർ സംഗമത്തിന് നേതൃത്വം നൽകി.



# ക്രൈസ്തവ ദൈവാലയങ്ങളും സ്ഥാപനങ്ങളും നശിപ്പിക്കപ്പെട്ടത് ന്യായീകരിക്കാനാവില്ല: കർദിനാൾ മാർ ആലഞ്ചേരി

കാക്കനാട്: മണിപ്പൂർ സംസ്ഥാനത്തുനടന്ന കലാപത്തിനിടയിൽ ക്രൈസ്തവ ദൈവാലയങ്ങളും മറ്റു സ്ഥാപനങ്ങളും നശിപ്പിക്കപ്പെട്ടത് ഒരിക്കലും ന്യായീകരിക്കാനാവില്ലെന്ന് മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. വംശീയപോരാട്ടത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങളുടെ ദുഃഖത്തിൽ സന്മനസ്സുള്ള എല്ലാവരോടും കൂടെ പങ്കുചേരുന്നുവെന്നും മരണമടഞ്ഞവരുടെ നിത്യശാന്തിക്കുവേണ്ടിയും പരിക്കേറ്റു ചികിത്സയിലായിരിക്കുന്നവരുടെ സൗഖ്യത്തിനു വേണ്ടിയും പ്രാർത്ഥിക്കുന്നതായും കർദിനാൾ അറിയിച്ചു. കഴിവതും വേഗം സമാധാനം പുനഃസ്ഥാപിക്കാൻ സംസ്ഥാന സർക്കാർ എല്ലാ നടപടികളും സ്വീകരിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. ഇത്തരം നശീകരണ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്നവർക്കെതിരേ കർശനമായ നിയമനടപടി സ്വീകരിക്കുകയും ഇതുപോലുള്ള കലാപങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ ബന്ധപ്പെട്ടവർ സ്വീകരിക്കണമെന്നും കർദിനാൾ ആവശ്യപ്പെട്ടു.

## സമാധാനം കാലഘട്ടത്തിൻറെ ആവശ്യം: മാർ താഴത്ത്

ന്യൂഡൽഹി: സമാധാനം കാലഘട്ടത്തിൻറെ ആവശ്യമെന്നു സിബിസിഐ പ്രസിഡൻറും തൃശൂർ ആർച്ച്ബിഷപ്പുമായ മാർ ആൻഡ്രൂസ് താഴത്ത്. മണിപ്പൂർ സംഘർഷത്തിൻറെ പശ്ചാത്തലത്തിലാണ് ആർച്ച്ബിഷപ്പിൻറെ പ്രതികരണം. അക്രമങ്ങളിൽനിന്നും വിദ്വേഷങ്ങളിൽനിന്നും വിട്ടുനിന്ന് ക്ഷമ, അനുരഞ്ജനം, സാഹോദര്യം, ഐക്യം എന്നിവ പരിശീലിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. രാജ്യത്തിൻറെ മറ്റു പല ഭാഗങ്ങളിലും ക്രിസ്ത്യൻ സ്ഥാപനങ്ങൾക്കു നേരേ നടക്കുന്ന ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ 10,11,12 തീയതികളിൽ കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ സ്ഥിരം സമിതി യോഗം ചേർന്നതായും മാർ ആൻഡ്രൂസ് താഴത്ത് വ്യക്തമാക്കി. ഫ്രാൻസിസ് മാർപാപ്പ മേയ് 31 ദർശനത്തിരുനാളായി പ്രഖ്യാപിച്ച സാഹചര്യത്തിൽ എല്ലാ കത്തോലിക്കാ വിശ്വാസികളും രാജ്യത്തെ സമാധാനത്തിനായി ഉപവാസമനുഷ്ഠിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## അടിയന്തര നടപടി സ്വീകരിക്കണം: കെസിബിസി

തിരുവനന്തപുരം: മണിപ്പൂരിലെ സംഘർഷങ്ങൾ ഇല്ലാതാക്കാനും ജനജീവിതം സുഗമമാക്കാനും മണിപ്പൂർ സംസ്ഥാന സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് കെസിബിസി പ്രസിഡൻറ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ ആവശ്യപ്പെട്ടു. മനുഷ്യർ ജീവൻ ഭയന്ന് പലായനം ചെയ്യുന്നു. വൈദികർ ഉൾപ്പെടെ ആക്രമിക്കപ്പെടുന്നു. ക്രൈസ്തവ സമൂഹം ഭയാശങ്കകളോടെയാണ് ഈ ആക്രമണങ്ങളെ കാണുന്നത്. വിവിധ വിഭാഗങ്ങൾ തമ്മിൽ സമാധാനവും സഹവർത്തിത്വവും പുലരുന്ന നടപടികളാണ് കൈക്കൊള്ളേണ്ടത്. മണിപ്പൂരിൻറെ മണ്ണിൽ നിന്ന് പരസ്പര വിദ്വേഷവും കാലുഷ്യവും തുടച്ചുമാറ്റുന്ന നടപടികളാണ് സമാധാന കാംക്ഷിക്കുന്ന സമൂഹം പ്രതീക്ഷിക്കുന്നതെന്നും കലാപങ്ങളിൽ ജീവൻ നഷ്ടമായവരുടെ കുടുംബങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നതായും മാർ ക്ലീമിസ് ബാവ പറഞ്ഞു.

# ഡിവൈൻ ധ്യാനകേന്ദ്രത്തിൽ ക്രൈസ്തവ ചരിത്ര മ്യൂസിയത്തിന് തറക്കല്ലിട്ടു

ചാലക്കുടി; മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തോടനുബന്ധിച്ച് നിർമിക്കുന്ന ഇന്ത്യൻ ക്രിസ്ത്യൻ ഹിസ്റ്ററി മ്യൂസിയത്തിന്റെ ശിലാസ്ഥാപനം ജാർഖണ്ഡ് ഗവർണർ സി.പി. രാധാകൃഷ്ണൻ നിർവഹിച്ചു. ക്രൈസ്തവ സമൂഹത്തിന്റെ സംഭാവനകൾ ഓർമിക്കുന്നതായി മൂസിയം മാറുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സീറോമലബാർസഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ദീപം തെളിച്ചു ഉദ്ഘാടനം നിർവഹിക്കുകയും അടിസ്ഥാന ശില വെഞ്ചിരിക്കുകയും ചെയ്തു. എല്ലാ ക്രിസ്തീയ സഭാ വിഭാഗങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരാൻ തക്കവിധത്തിൽ ഉയർന്നുവരുന്ന മ്യൂസിയമായിരിക്കും ഇതെന്ന് മാർ ആലഞ്ചേരി അനുഗ്രഹ പ്രഭാഷണത്തിൽ പറഞ്ഞു.

ഡിവൈൻ ധ്യാനകേന്ദ്രത്തോടനുബന്ധിച്ച്




6 ഏക്കർ സ്ഥലത്തു മൂന്ന് വർഷം കൊണ്ട് വലിയ മുതൽമുടക്കിൽ പണികഴിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഈ മ്യൂസിയം ഭാരതത്തിലെ തന്നെ ഇത്തരത്തിലുള്ള ആദ്യത്തെ സംരംഭമായിരിക്കും. ക്രിസ്തീയ സഭാ വിഭാഗങ്ങൾ ഭാരതത്തിന് വിവിധ മേഖലകളിലായി നൽകിയ സംഭാവനകളെ തലമുറകൾക്കുവേണ്ടി സംരക്ഷിക്കാനും പ്രദർശിപ്പിക്കാനും ഈ നൂതന സംരംഭത്തിന് സാധിക്കും.

കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ അധ്യക്ഷത വഹിച്ചു. വിവിധ സഭാ മേലധ്യക്ഷന്മാരായ ജോസഫ് മാർ ഗ്രിഗോറിയസ്, ജോസഫ് മാർ ബർണബാസ്, യൂഹാനോൻ മാർ പോളികാർപ്സ്, ഡോ. റോയ്സ് നോജ് വിക്ടർ, സിഎംഐ പ്രിയോർ ജനറാൾ റവ. ഡോ. തോമസ് ചാത്തൻപറമ്പിൽ, ഫാ. ജോർജ് പനയ്ക്കൽ, ഫാ. മാത്യു നായ്ക്കംപറമ്പിൽ, റവ. ഡോ. അഗസ്റ്റിൻ വല്ലൂരാൻ, റവ. ഡോ. ഫിലിപ്പ് നെടുംതുരുത്തിൽ, റവ. ഡോ. അലക്സ് ചാലങ്ങാടി, ഫാ. ഷിജോ നെറ്റിയാങ്കൽ, ഫാ. ബിനോയ് ചക്കാനിക്കുന്നേൽ, സീറോമലബാർസഭ പി.ആർ.ഒ. റവ. ഡോ. ആന്റണി വടക്കേകര വി.സി., കോ-ഓർഡിനേറ്റർ പി. ജെ. ആന്റണി, വൈ. ഔസേപ്പച്ചൻ, മുൻ എം. എൽ. എ. തോമസ് ഉണ്ണിയാടൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.



# ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധി ചങ്ങനാശേരി അതിരൂപത സന്ദർശിച്ചു

ചങ്ങനാശേരി അതിരൂപത

ചങ്ങനാശേരി: ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധി ആർച്ച്ബിഷപ് ഡോ. ലെയോപോൾദോ ജിറേല്ലി ചങ്ങനാശേരി അതിരൂപത കേന്ദ്രത്തിലെത്തി. ചങ്ങനാശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിലിൻറെ നേതൃത്വത്തിൽ നൽകിയ സ്വീകരണത്തിൽ തക്കല മെത്രാൻ മാർ ജോർജ് രാജേന്ദ്രൻ, ചങ്ങനാശേരി അതിരൂപത വികാരി ജനറാൾമാരായ മോൺ. ജോസഫ് വാണിയപ്പുരയ്ക്കൽ, മോൺ. ജയിംസ് പാലയ്ക്കൽ, മോൺ. വർഗീസ് താനമാവുങ്കൽ, ചാൻസലർ റവ. ഡോ.ഐസക് ആലഞ്ചേരി, വൈദിക അല്മായ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



തുടർന്ന് അതിരൂപത കേന്ദ്രത്തിൽ എത്തിച്ചേർന്ന വത്തിക്കാൻ പ്രതിനിധിയെ ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടത്തിൻറെ നേതൃത്വത്തിൽ സ്വീകരിച്ചു. വത്തിക്കാൻ പ്രതിനിധി അതിരൂപതയിൽ സങ്കടിപ്പിക്കപ്പെട്ട വിവിധ പരിപാടികളിൽ സംബന്ധിച്ചു.

# ഭയപ്പെടാതെ കടന്നുചെല്ലുവാനൊരിടമുണ്ടെന്ന ബോധ്യം നമ്മെ ആശ്വസിപ്പിക്കും: മാർ ജോസ് പുളിക്കൽ

കാഞ്ഞിരപ്പള്ളി രൂപത



കാഞ്ഞിരപ്പള്ളി: ഭയമില്ലാതെ കടന്നുചെല്ലാനാവുന്നൊരിടമുണ്ടെന്ന തിരിച്ചറിവ് നമ്മെ ധൈര്യപ്പെടുത്തി ആശ്വസിപ്പിക്കുമെന്ന് കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ. രൂപതാ ദിനത്തിനൊരുക്കമായി കുമളി ഫൊറോന പള്ളി അങ്കണത്തിൽ മെയ് 7 മുതൽ നടത്തപ്പെട്ട രൂപതാ ബൈബിൾ കൺവൻഷന് സമാപന സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. നിരാശരാകാതെയും നഷ്ടധൈര്യരാകാതെയും ആത്മവിശ്വാസത്തോടെ കടന്നുചെല്ലാനാവുന്ന ഭവനം സഭയാണ്. സഭയിലെ കൗദാശിക ജീവിതത്തിലൂടെ ഫലം ചൂടാനായി ദൈവം നമ്മെ സ്നേഹപൂർവ്വം ക്ഷണിക്കുന്നുവെന്നും മാർ ജോസ് പുളിക്കൽ ഓർമിപ്പിച്ചു.

കാഞ്ഞിരപ്പള്ളി രൂപതാ ദിനത്തിന് ഒരുക്കമായി നടത്തപ്പെട്ട ബൈബിൾ കൺവെൻഷൻ അണക്കര മരിയൻ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ഡൊമിനിക് വാളന്മനാൽ നയിച്ചു. വിശ്വാസത്തോടെ ദൈവത്തെ സമീപിക്കുന്നവർ പ്രതിസന്ധികൾക്കിടയിലും ആശ്വാസം കണ്ടെത്തുമെന്ന് അദ്ദേഹം അനുസ്മരിച്ചു. ആയിരക്കണക്കിന് വിശ്വാസികൾക്ക് ആത്മീയ വിചിന്തനത്തിന് സഹായിച്ച ബൈബിൾ കൺവൻഷൻ മെയ് 7 മുതൽ കുമളിയിൽ വൈകുന്നേരം 4.30 മുതൽ 9 മണി വരെ നടന്നുവരികയായിരുന്നു. പരിശുദ്ധ കുർബാനയുടെ ആഘോഷത്തെ ധ്യാനിക്കുന്നതിന് സഹായകമായ ദിവ്യകാരുണ്യ ആരാധനയോടെ ബൈബിൾ കൺവെൻഷൻ സമാപിച്ചു.

# കാർഷിക നഴ്സറി ഉദ്ഘാടനം ചെയ്തു

താമരശ്ശേരി രൂപത



താമരശ്ശേരി: കാർഷിക ജില്ല ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ തെയ്യപ്പാറ അഗ്രി ഫാമിൽ എല്ലാവിധ ഫലവൃക്ഷത്തൈകളുടെയും പൂച്ചെടികളുടെയും നഴ്സറി കോഴിക്കോട് രൂപത മെത്രാൻ അഭിവന്ദ്യ വർഗീസ് ചക്കാലക്കൽ പിതാവ് ഉദ്ഘാടനം ചെയ്തു.

താമരശ്ശേരി രൂപത മെത്രാൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ വെഞ്ചരിപ്പ് കർമ്മം നടത്തി. തുടർന്ന് നടന്ന മീറ്റിങ്ങിൽ ഇൻഫാം താമരശ്ശേരി കാർഷിക ജില്ല ഡയറക്ടർ ഫാ.ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷൻ ആയിരുന്നു. പ്രസിഡൻറ് ശ്രീ അഗസ്ത്യൻ പുളിക്കകണ്ടത്തിൽ, സെക്രട്ടറി ജോൺ കുന്നത്തേട്ട് ട്രഷറർ ബ്രോണി നമ്പ്യാപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

# സ്ത്രീധന സമ്പ്രദായം അപമാനകരം: മാർ ജോസഫ് പാംപ്ലാനി

തലശേരി അതിരൂപത

തലശേരി: നിയമവിരുദ്ധമായ സ്ത്രീധന സമ്പ്രദായം പലരൂപത്തിലും നിലനില്ക്കുന്നു എന്നത് അപമാനകരമാണെന്ന് തലശേരി ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി. സഭയിലും സമുദായത്തിലും സ്ത്രീകൾ അവഗണന നേരിടുന്നു എന്നതു വിസ്മരിക്കാനാവില്ലെന്നും ഈസ്റ്ററിനോടനുബന്ധിച്ച് ഇടവകദേവാലയങ്ങളിൽ വായിക്കാൻ പുറപ്പെടുവിച്ച ഇടയലേഖനത്തിൽ ആർച്ച്ബിഷപ് ചൂണ്ടിക്കാട്ടി. സ്ത്രീകളെ ആദരിക്കുന്നതിൽ നമ്മുടെ രാജ്യവും സംസ്കാരവും നിലവിൽ ഏറെ പിന്നിലാണ്. ''ദൈവം മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു'' എന്ന (ഉൽപ്പ 1,27) പ്രസ്താവനയോടെ സ്ത്രീപുരുഷ സമത്വമാണ് വിശുദ്ധ ഗ്രന്ഥകാരൻ ഊന്നിപ്പറയുന്നത്. എന്നാൽ കാലാന്തരത്തിൽ കായിക ബലത്തിൻറെ പിന്തുണയിൽ പുരുഷാധിപത്യം സമൂഹത്തിൽ ശക്തിപ്പെട്ടു. സ്ത്രീയോടുള്ള ആദരവ് നഷ്ടപ്പെടുത്തുന്ന അവഗണനയുടെ സമ്പ്രദായങ്ങൾ രൂപപ്പെട്ടു. അതിനുള്ള ഏറ്റവും ശക്തമായ ദൃഷ്ടാന്തമാണ് സമൂഹത്തിൽ ഇപ്പോഴും നിലനില്ക്കുന്ന സ്ത്രീധന സമ്പ്രദായം. ദൈവം ജീവിതപങ്കാളിയായി നൽകുന്ന സ്ത്രീ തന്നെയാണ് ഏറ്റവും വലിയധനം എന്ന ചിന്ത സമൂഹത്തിൽ ശക്തിപ്പെടണം. വിവാഹം എന്ന പരിശുദ്ധമായ കൂദാശയെ സ്ത്രീധനവുമായി ബന്ധിപ്പിക്കുന്നത് നമ്മുടെ വിശ്വാസമനുസരിച്ച് പാപമാണ്. ദൈവം യോജിപ്പിച്ച ബന്ധമായ ദാമ്പത്യത്തെ സമ്പത്തുമായി ബന്ധിപ്പിക്കുന്ന വിരുദ്ധ സമ്പ്രദായം പൂർണമായും അവസാനിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. വിവാഹപ്രായമെത്തിയ പെൺമക്കളെക്കുറിച്ച് ആകുലപ്പെടുന്ന സാഹചര്യമാണ് മാതാപിതാക്കൾക്കു മുന്നിലുള്ളത്.



സ്ത്രീധന സമ്പ്രദായം സ്ത്രീകളെ മാത്രമല്ല പുരുഷന്മാരെയും ദോഷകരമായി ബാധിക്കുന്നു എന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. സ്ഥിതി വിവരക്കണക്കുകൾ അനുസരിച്ച് 35 വയസു കഴിഞ്ഞിട്ടും വിവാഹിതരാകാത്ത നാലായിരത്തോളം വിവാഹാർത്ഥികളായ പുരുഷന്മാർ അതിരൂപതയിലുണ്ട് എന്ന സത്യം ഏറെ ഗൗരവമുള്ളതാണ്. നാലായിരത്തോളം കുടുംബങ്ങളുടെ സാധ്യതയാണ് വരും തലമുറയിൽ അന്യം നില്ക്കുന്നത്. ഇവരിൽ ചിലരുടെയെങ്കിലും വിവാഹാലോചനകൾ നല്ലപ്രായത്തിൽ സ്ത്രീധനവിഷയത്തിൽ തട്ടി വഴിമുട്ടിയതാണെന്ന് അവർതന്നെ സാക്ഷ്യപ്പെടുത്തുമ്പോഴാണ് സ്ത്രീധന സമ്പ്രദായം ഒഴിവാക്കേണ്ടതിൻറെ ആവശ്യകത നാം തിരിച്ചറിയുന്നത്. സ്ത്രീയുടെയും പുരുഷൻറെയും കണ്ണീരിനു കാരണമാകുന്ന ഈ ദുരാചാരത്തെ അകറ്റി നിർത്താൻ മാതാപിതാക്കളും മക്കളും വിശിഷ്യാ യുവജനങ്ങൾ ആത്മാർഥമായി മുന്നോട്ടു വരണം. നമ്മുടെ സമുദായത്തിലെ യുവജനങ്ങളുടെ വിവാഹപ്രായം ക്രമാതീതമായി ഉയർന്നു നില്ക്കുന്നതിൻറെ പിന്നിലും സ്ത്രീധന സമ്പ്രദായത്തിൻറെ സ്വാധീനമുണ്ട്. സ്ത്രീധനത്തിനുള്ള തുക സ്വരുക്കൂട്ടാനുള്ള വ്യഗ്രതയിൽ ജോലി സമ്പാദിച്ചശേഷവും വിവാഹത്തിനുവേണ്ടി കാത്തിരിക്കാൻ നമ്മുടെ പെൺകുട്ടികൾ നിർബന്ധിതരാവുകയാണ്. വിവാഹപ്രായം അമിതമായി ഉയരുന്നത് പുതുതലമുറയുടെ എണ്ണത്തെയും ഗുണത്തെയും ദോഷകരമായി ബാധിക്കുമെന്ന ശാസ്ത്രീയ പഠനങ്ങൾ സമുദായം ഗൗരവമായി എടുക്കേണ്ട വസ്തുതയാണ് . സ്ത്രീകളെ ആദരിക്കുന്നതും തുല്യരായി പരിഗണിക്കുന്നതുമാണ് സാംസ്കാരിക വളർച്ചയുടെ യഥാർഥ ലക്ഷണം. അതിനാൽ ഗാർഹിക പീഡനങ്ങളും പെൺകുട്ടികളോടുള്ള വിവേചനവും കുടുംബത്തെക്കുറിച്ചുള്ള ദൈവിക പദ്ധതിയെ തകിടം മറിക്കുന്ന തിന്മകളാണ്. സ്ത്രീകളെ ആദരിക്കുന്ന സംസ്കാരം മാതാപിതാക്കളിൽ നിന്നുമാണ് മക്കൾ പഠിക്കേണ്ടത്. യാത്രകളിലും ജോലിസ്ഥലങ്ങളിലും പഠനസ്ഥലങ്ങളിലും സ്ത്രീകളെ ഇരകളായി കരുതുന്ന കഴുകൻ കണ്ണുകളുടെ എണ്ണം വർധിക്കുന്നത് അപകടകരമാണ്. പ്രണയക്കെണികളിൽ കുടുക്കി പെൺമക്കൾക്കു ചതിക്കുഴികളൊരുക്കുന്ന സംഭവങ്ങൾ ആശങ്കാജനകമായി വർധിക്കുകയാണെന്നും ആർച്ച്ബിഷപ് ഇടയലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നു.

## പ്രധാനമന്ത്രിയുമായുള്ള കൂടിക്കാഴ്ച ഫലപ്രദം: കർദിനാൾ മാർ ആലഞ്ചേരി



കൊച്ചി: ക്രൈസ്തവ സഭാധ്യക്ഷന്മാരുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി കൊച്ചിയിൽ നടത്തിയ കൂടിക്കാഴ്ച ഫലപ്രദമായിരുന്നുവെന്ന് സീറോമലബാർസഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. ക്രൈസ്തവർക്കെതിരേ ഉത്തരേന്ത്യയിൽ അങ്ങിങ്ങായി നടക്കുന്ന അതിക്രമങ്ങൾ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. രാജ്യത്തെല്ലായിടത്തും എല്ലാവർക്കും ഒരുപോലെ സംരക്ഷണം നൽകുമെന്നു പ്രധാനമന്ത്രി അറിയിച്ചു. കർഷകരുടെയും തീരദേശവാസികളുടെയും പ്രശ്നങ്ങൾ പ്രധാനമന്ത്രിയുമായി ചർച്ച ചെയ്തു. പിന്നാക്ക വിഭാഗങ്ങൾക്കും ദളിത് ക്രൈസ്തവർക്കുമുള്ള സംവരണ വിഷയവും ചർച്ചയിലുണ്ടായിരുന്നു. കേരളത്തിൻറെ വിവിധ ആവശ്യങ്ങൾ പ്രധാനമന്ത്രിയെ അറിയിക്കാനായതിൽ സന്തോഷമുണ്ട്. എല്ലാ വിഷയങ്ങളോടും തുറന്ന സമീപനത്തോടെയാണ് അദ്ദേഹം പ്രതികരിച്ചതെന്നും മാർ ആലഞ്ചേരി പറഞ്ഞു.

## അഡ്വ.ജോസ് വിതയത്തിൽ സഭാസേവനത്തിന്റെ അല്മായ മാതൃക: മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ

കൊച്ചി: കത്തോലിക്കാ സഭാസേവനത്തിന്റെയും ശുശ്രൂഷകളുടെയും മഹനീയവും മഹത്തരവുമായ അല്മായ മാതൃകയാണ് അഡ്വ.ജോസ് വിതയത്തിലെന്ന് സീറോമലബാർസഭ കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ. കേരള കത്തോലിക്കാ മെത്രാൻ സമിതി ആസ്ഥാനമായ കൊച്ചി പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ ചേർന്ന അഡ്വ.ജോസ് വിതയത്തിൽ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മാർ വാണിയപ്പുരയ്ക്കൽ. എന്നും സഭയോടൊപ്പം ചേർന്നു നിന്ന് പ്രതിസന്ധികളിൽ തളരാതെ പ്രവർത്തിക്കുകയും മികച്ച സംഘടനാ പാടവത്തിലൂടെയും നിസ്വാർത്ഥ



സേവനങ്ങളിലൂടെയും അനേകായിരങ്ങൾക്ക് നന്മകൾ വർഷിക്കുകയും ചെയ്ത വിതയത്തിലിന്റെ സ്മരണ എക്കാലവും നിലനിൽക്കുമെന്നും മാർ വാണിയപ്പുരയ്ക്കൽ പറഞ്ഞു.

സംസ്ഥാന ലോകായുക്ത ജസ്റ്റിസ് സിറിയക് ജോസഫ്, അഡ്വ. ജോസ് വിതയത്തിൽ അനുസ്മരണ പ്രഭാഷണം നടത്തി. മാതൃകായോഗ്യനായ അല്മായ പ്രേഷിതനായിരുന്നു അഡ്വ.ജോസ് വിതയത്തിലെന്ന് ജസ്റ്റിസ് സിറിയക് ജോസഫ് അനുസ്മരിച്ചു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ഫാ. ജേക്കബ് ജി. പാലയ്ക്കപ്പിള്ളി അധ്യക്ഷത വഹിച്ചു. സിബിസിഐ ലെയ്റ്റി കൗൺസിൽ സെക്രട്ടറി ഷെവലിയാർ അഡ്വ. വി. സി. സെബാസ്റ്റ്യൻ ആമുഖപ്രഭാഷണം നടത്തി. മുൻ കേന്ദ്ര ന്യൂനപക്ഷ കമ്മീഷൻ മെമ്പർ വി. വി.അഗസ്റ്റിൻ, മുൻ അഡീഷണൽ ചീഫ് സെക്രട്ടറി എം.പി.ജോസഫ് ഐഎഎസ്, സീറോമലബാർസഭ അല്മായ ഫോറം സെക്രട്ടറി ടോണി ചിറ്റിലപ്പള്ളി, സീറോമലബാർസഭ പ്രോലൈഫ് അപ്പസ്തോലേറ്റ് സെക്രട്ടറി സാബു ജോസ് എന്നിവർ സംസാരിച്ചു.

## ദളിത് ക്രൈസ്തവർക്ക് എസ്‌സി ആനുകൂല്യം: തമിഴ്നാട് നിയമസഭ പ്രമേയം പാസാക്കി

ചെന്നൈ: പട്ടികജാതിയിൽനിന്നു ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവർക്ക് പട്ടിക ജാതിക്കാർക്കു തുല്യമായ ആനുകൂല്യങ്ങൾ നൽകണമെന്നാവശ്യപ്പെട്ട് തമിഴ്നാട് നിയമസഭ പ്രമേയം പാസാക്കി.

മുഖ്യമന്ത്രി എം.കെ സ്റ്റാലിനാണ് പ്രമേയം അവതരിപ്പിച്ചത്. കേന്ദ്രസർക്കാർ പാർലമെൻറിൽ ഭരണഘടന ഭേദഗതി നടത്തി, ദളിത് ക്രൈസ്തവർക്ക് വിദ്യാഭ്യാസത്തിലും ജോലിയിലും സംവരണാനുകൂല്യം നൽകണമെന്നാണു പ്രമേയം.

പട്ടികജാതിയിൽനിന്നു ഹിന്ദു, ബുദ്ധ, സിക്ക് അല്ലാതെ മറ്റു മതങ്ങളിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവർക്ക് പട്ടിജാതിക്കാർക്കുള്ള ആനുകൂല്യം നൽകണമോയെന്നു പഠിക്കാനായി മൂന്നംഗ കമ്മീഷനെ കേന്ദ്രസർക്കാർ 2022 ഒക്ടോബറിൽ നിയമിച്ചിരുന്നു. രണ്ടു വർഷത്തിനുള്ളിൽ കമ്മീഷൻ കേന്ദ്രസർക്കാരിനു റിപ്പോർട്ട് സമർപ്പിക്കും.





43 മേജർ ഡിപ്പാർട്ട്മെന്റുകൾ
അഡ്വാൻസ്ഡ് ടെക്നോളജികൾ
ലോകോത്തര സൗകര്യങ്ങൾ
24x7 എമർജൻസി കെയർ
വിദഗ്ധ ഡോക്ടർമാർ
ബെസ്റ്റ് നഴ്സിംഗ് കെയർ

CARITAS HOSPITAL, THELLAKOM, KOTTAYAM - 686630 | 0481 6811110

SPREADING THE RADIANCE OF GOOD HEALTH AND HAPPINESS


SYRO-MALABAR VISION - A NEWSLETTER PUBLISHED WITH THE APPROVAL OF THE SYRO-MALABAR SYNOD (PRIVATE CIRCULATIONS ONLY)
SYRO-MALABAR MEDIA COMMISSION, MOUNT ST. THOMAS, P.B. NO. 3110, KAKKANAD P.O., KOCHI - 682 030 | Email: syromalabarvision@gmail.com | Phone: +91 8089552280

Disclaimer: The views and opinions in various articles expressed in this newsletter are solely those of the authors alone.